**35-ാമത് വാർഷിക പൊതുയോഗം**

പ്രിയപ്പെട്ട മെമ്പർ,

2014 ഏപ്രിൽ 5 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3:00-ന് ശ്രീനാരായണഗുരു മിഷൻ ബിൽഡിംഗിൽ (16 ബാർക്കിംഗ് റോഡ്, ഈസ്റ്റ് ഹാം, ലണ്ടൻ ഇ6 3ബിപി) നടത്തുന്ന വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കാൻ നിർവാഹക സമിതി താങ്കളെ സാദരം ക്ഷണിക്കുന്നു.

അജണ്ട

പ്രാർത്ഥന
ഹാജരാകാതിരുന്നതിനുള്ള വിശദീകരണങ്ങൾ
ഡിക്ലറേഷൻ ഓഫ് ഇന്ററസ്റ്റ്
അദ്ധ്യക്ഷന്റെ ആമുഖം
അജണ്ട അംഗീകരിക്കൽ
2013 ജൂലൈ 6-ന് നടന്ന 34-ാമത് വാർഷിക പൊതുയോഗത്തിന്റെ മിനട്സ് അവതരണം
അനുബന്ധ വിഷയങ്ങൾ
2013-ലെ വാർഷിക റിപ്പോർട്ട്
റിപ്പോർട്ടിന്റെ അനുബന്ധ വിഷയങ്ങൾ
2013-ലെ വാർഷിക അക്കൗണ്ട്
അക്കൗണ്ടിന്റെ അനുബന്ധ വിഷയങ്ങൾ
എസ്എൻജിഎമ്മിന്റെ യുകെ മന്ദിര പദ്ധതി ക്രോയ്ഡൻ സെന്റർ
പ്രമേയങ്ങൾ
പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്
കൃതജ്ഞത

നിർവാഹക സമിതിക്ക് താങ്കളെ കാണാനും താങ്കളുടെ വിലയേറിയ അഭിപ്രായങ്ങളും ഉപദേശങ്ങളും വിലയിരുത്തുന്നതിനും ആഗ്രഹമുള്ളതിനാൽ കൃത്യമായി യോഗത്തിൽ പങ്കെടുക്കുവാൻ ശ്രമിക്കുക.

ഗുരുദേവൻ നിങ്ങളെ അനുഗ്രഹിക്കട്ടെ.

ജനറൽ സെക്രട്ടറി
2014 മാർച്ച് 8

മെമ്പർമാരോടുള്ള വിനീതാഭ്യർത്ഥന :

വാർഷിക പൊതുയോഗത്തിൽ സംബന്ധിക്കുന്നതിന് മുമ്പായി വാർഷിക അംഗത്വ ഫീസ് കുടിശിഖ തീർത്ത് അടയ്ക്കണമെന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

NB:വാർഷിക പൊതുയോഗ റിപ്പോർട്ടിന്റെ മലയാളം കോപ്പി മിഷൻസെന്ററിൽ ലഭിക്കും.

## 2013-ലെ വാർഷിക റിപ്പോർട്ടും അക്കൗണ്ടും

പ്രിയപ്പെട്ട മെമ്പർ,

യുകെ ശ്രീനാരായണഗുരു മിഷന്റെ 2013 വർഷത്തെ 35-ാമത് വാർഷിക റിപ്പോർട്ടും അക്കൗണ്ടും അവതരിപ്പിക്കുന്നതിൽ എനിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്. ഓണററി ട്രഷറർ തയ്യാറാക്കിയ വാർഷിക അക്കൗണ്ട് നിങ്ങളുടെ പരിഗണനയ്ക്കും പ്രതികരണങ്ങൾക്കുമായി ഇതോടൊപ്പം ചേർത്തിരിക്കുന്നു. കഴിഞ്ഞ വാർഷിക പൊതുയോഗം ചേരാനുണ്ടായ ഗണ്യമായ കാലതാമസം മൂലം ഈ കമ്മറ്റിക്ക് 2013-ലെ അവസാന അർദ്ധവർഷം മാത്രമെ പ്രവർത്തനത്തിന് ലഭിച്ചുള്ളു. ചുരുങ്ങിയ 5 മാസം കൊണ്ടുതന്നെ എല്ലാ രംഗംങ്ങളിലും മികച്ച വിജയം കൈവരിക്കുവാൻ ഞങ്ങൾക്ക് സാദ്ധ്യമായി. അടിയന്തിര ശ്രദ്ധ ആവശ്യമായി വന്ന ഏതാനും വിഷയങ്ങളിൽ ഫലപ്രദമായ നടപടികളിലൂടെ പ്രശ്നപരിഹാരമുണ്ടാക്കാനും കഴിഞ്ഞു. ഞങ്ങളുടെ ഐക്യം, മികച്ച ആസൂത്രണം, കഠിനാദ്ധ്വാനം, മനഃസ്ഥിരത എന്നിവയും ഗുരുവിന്റെ അനുഗ്രഹത്തോടൊപ്പം നിങ്ങളുടെ അകമഴിഞ്ഞ സഹകരണവുമാണ് ഈ വിജയത്തിലേയ്ക്ക് വഴിതെളിയിച്ച പ്രധാന സംഗതികൾ. നമ്മുടെ നേട്ടങ്ങളുടെ പ്രധാന ഇനങ്ങൾ താഴെ ചേർക്കുന്നു.

• സുപ്രധാനമായ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യാനും, സംഘടിപ്പിക്കാനും, നിർവ്വഹിക്കാനുമായി ഈ ചുരുങ്ങിയ അഞ്ച് മാസത്തിനുള്ളിൽ 10 നിർവ്വാഹകമിതിയോഗങ്ങൾ നടത്തി.

• നമ്മുടെ പരിഗണനക്ക് വന്ന പരിപാടികളുടെ നടത്തിപ്പിന് നിർവ്വാഹക സമിതിയ്ക്ക് ആവശ്യമായ ഉപദേശവും സഹായവും നൽകാൻ സബ് കമ്മറ്റികൾ പുനഃസംഘടിപ്പിച്ചു.

• അക്കൗണ്ട്സ്, അഡ്മിനിസ്ട്രേറ്റീവ് സംവിധാനം കാലാനുസൃതമായി നവീകരിച്ചു.

• മിഷന്റെ പ്രവർത്തനങ്ങളും, മാനേജ്മെന്റ് കമ്മറ്റി മീറ്റിംഗുകളും പ്രൊഫഷണൽ മികവോടെ സംഘടിപ്പിച്ചു.

• നമ്മുടെ മൂന്ന് സെന്ററുകളിലും ഈസ്റ്റ്ഹാം, ക്രോയ്ഡൻ, സൗത്ത്ഹാൾ ഓണസദ്യകൾ വിജയകരമായി നടത്തി.

• ഈസ്റ്റ്ഹാം ടൗൺ ഹാളിൽ സംഘടിപ്പിച്ച ഗുരുജയന്തി 2013 ആഘോഷം ഗംഭീരവിജയമായി.

• നമ്മുടെ മൂന്നു സെന്ററുകളിലും 2013-ലെ ക്രിസ്മസ് വിപുലമായി ആഘോഷിച്ചു.

• എല്ലാ പ്രധാന പരിപാടികളുടെയും ധനസമാഹരണം മികച്ച തോതിലായിരുന്നു. ഭേദപ്പെട്ട മിച്ചവും ഉണ്ടായി.

• മെമ്പർഷിപ്പ് റോൾ പരിഷ്കരിച്ചു.

• അംഗത്വഫീസ് കുടിശിഖ കൃത്യമായി പിരിച്ചെടുത്തു.

• എസ്എൻജിഎം ട്രസ്റ്റി രേഖകളുടെ അപ്ഡേഷൻ പ്രക്രിയ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

• ക്രോയ്ഡണിലെ എസ്എൻജിഎം മന്ദിര പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

• വെബ്സൈറ്റ് അപ്ഡേഷൻ പ്രക്രിയയും റീഡിസൈനിംഗും മുന്നേറ്റ പാതയിലാണ്.

• എസ്എൻജിഎം യുകെയുടെ ഫേസ്ബുക്ക് പേജ് ആരംഭിച്ചു.

• 2014 മാർച്ച് 10-ന് ഉദ്ഘാടനം ചെയ്യാനുദ്ദേശിക്കുന്ന എസ്എൻജിഎം കലാസമിതി 'ഗുരുപ്രഭ'യ്ക്കായുള്ള നടപടികൾ എടുത്തു.

• യൂത്ത് ഫോറം പുനരുജ്ജീവിപ്പിച്ചു.

• എസ്എൻജിഎം വിദ്യാഭ്യാസ കേന്ദ്രങ്ങൾ പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുന്നു.

• വിവിധ പരിപാടികളുമായി വിമൻസ് ഫോറം നന്നായി പ്രവർത്തിച്ചുവരുന്നു.

• ഈസ്റ്റ്ഹാമിൽ നിന്നും ക്രോയ്ഡണിൽ നിന്നുമായി ആവേശഭരിതമായ ഏകദിനട്രിപ്പുകൾ നടത്തി

• മൂന്ന് ഗ്രാന്റ് അപേക്ഷകൾ വിജയരമായി സമർപ്പിച്ചു.

• ലൈറ്റ്, സൗണ്ട്, സംവിധാനങ്ങൾ സഹിതം ഹാൾ സൗകര്യങ്ങൾ പരിഷ്കരിച്ചുകൊണ്ടിരിക്കുന്നു. ഇവ വാടകയ്ക്ക് നൽകുന്നതിലൂടെ അധിക വരുമാനവും ലക്ഷ്യമിടുന്നു.

**മാനേജ്മെന്റ് 2013**

- നിലവിലുള്ള കമ്മറ്റി പ്രധാന ലക്ഷ്യങ്ങളായി നിർവചിച്ചത് താഴെ പറയുന്നവയാണ്.
- നമ്മുടെ മൂന്ന് എസ്എൻജിഎം സെന്ററുകളിലും നിലവിലുള്ള സേവനങ്ങൾ ശക്തമാക്കുകയും പുതിയവ ആരംഭിക്കുകയും ചെയ്യുക.
- അടിയന്തിര ശ്രദ്ധയും പ്രാധാന്യവും അർഹിക്കുന്ന ഭരണഘടനാവിഷയങ്ങൾ പരിഹരിക്കുക.
- മികച്ച നിലവാരവും രഹസ്യ സ്വഭാവവുമുള്ള കാര്യക്ഷമമായ ഭരണസംവിധാനം യാഥാർത്ഥ്യമാക്കുക.
- സാമ്പത്തിക സ്ഥിതി തൃപ്തികരമായി നിലനിർത്താൻ വാർഷിക അംഗത്വഫീസും കുടിശിഖയും വിട്ടുവീഴ്ചയില്ലാതെ സമാഹരിക്കുക.
- ക്രോയ്ഡണിലെ എസ്എൻജിഎം യുകെ മന്ദിര പദ്ധതിയുടെ പുരോഗതി

ചുരുങ്ങിയ കാലയളവിനുള്ളിൽ മേൽപറഞ്ഞലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് നമ്മൾ നടത്തിയ ശ്രമങ്ങൾ മികച്ച വിജയം കൈവരിച്ചതായി ഞാൻ വിശ്വസിക്കുന്നു. വിവിധ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോയത് 12 സബ്കമ്മറ്റികളുടെ പ്രതിബദ്ധതയോടെയുള്ള സഹായത്തോടെയായിരുന്നു. മിഷൻ അംഗങ്ങൾക്കും തദ്ദേശവാസികൾക്കും മിഷന്റെ തൃപ്തികരമായ സേവനം ലഭ്യമാക്കാനും ഇതുമൂലം കഴിഞ്ഞു. ഗുരുദേവന്റെ ആദർശങ്ങളിൽ നിന്നും വ്യതിചലിക്കാതെ ഇതൊക്കെ സാദ്ധ്യമായത് മുമ്പ് പ്രവർത്തിച്ച കമ്മറ്റികൾ സ്ഥാപിച്ച ശക്തമായ അടിത്തറ ഉപയോഗപ്പെടുത്തിക്കൊണ്ടാണ്. താഴെ പറയുന്ന സബ്കമ്മറ്റികളുടെ ശീർഷകത്തിന് കീഴെ ഇക്കാര്യങ്ങൾ ചർച്ച ചെയ്യാം.

**1. ഗുരു ധർമ്മ പ്രചാരണം (ജി ഡി പി)**

ചെയർപേഴ്സൺ : ഗിരിധരൻ വിദ്യാധരൻ
വൈസ് ചെയ. : 1 . സനൽ മാധവൻ (ഈസ്റ്റ്ഹാം) 2. കെ. തങ്കരാജ് (സൗത്ഹാൾ) 3. എസ്. ഗോപാലകൃഷ്ണൻ (ക്രോയ്ഡൺ)

സബ്കമ്മറ്റി അംഗങ്ങൾ : ബിജു ശാന്തശീലൻ, ബി.ബി. ശ്രീകുമാർ, ബീന ശ്രീനാരായണ, സുജ ഗോപിനാഥൻ, ടി. കിഷോർകുമാർ, ബീന പുഷ്കാസ്, വി.കെ. മോഹൻരാജ്, മുരളീധരൻ വി., നീൽ, ഡോ. നിർമല രവീന്ദ്രൻ, ആർ. വിനോദ്ബാബു, സുഭാഷ് സദാശിവൻ, സലീന എസ്., സുരേഷ് ധർമ്മരാജൻ, ജോസ് വിശ്വംഭരൻ, ടി.ജി. ശശിധരൻ, വൽസമ്മ ടി., സജീവ് സദാനന്ദൻ, മണിലാൽ ശിവാനന്ദൻ, സുരേഷ്കുമാർ ജി. (തമ്പി), ഷോൺ സുരേന്ദ്രൻ, ജയപ്രകാശ് എസ്., കിരൺ എസ്. ജീവൻ ജ്യോതിപ്രകാശ്.

ഇപ്പോഴത്തെ നിർവാഹക സമിതി 2013 ജൂലൈയിൽ ചാർജെടുത്ത ശേഷമുള്ള ഹ്രസ്വകാലയളവിൽ ഞങ്ങൾ നാല് സബ്കമ്മറ്റി യോഗങ്ങൾ ചേർന്നു. പ്രധാന ലക്ഷ്യമായ ഗുരുധർമ്മ പ്രചാരണത്തിനാണ് ഊന്നൽ നൽകിയത്. കൂടുതൽ ഭാഗങ്ങളിലേയ്ക്ക് ഗുരുധർമ്മമെത്തിക്കാൻ പ്രഭാഷണ പരിപാടികൾ, ശിൽപശാലകൾ, പ്രദർശനങ്ങൽ, ഗ്രൂപ്സ്റ്റഡി, ചർച്ചകൾ, യോഗങ്ങൾ എന്നിവയും ലഘുപുസ്തകങ്ങളിലൂടെയും വെബ്സൈറ്റിലൂടെയും ഫേസ്ബുക്കിലൂടെയും പ്രചാരണവും നടത്താൻ നടപടിയെടുത്തു. പ്രതിമാസ പ്രാർത്ഥനായോഗങ്ങളും ശിൽപശാലകളുമായി ബന്ധപ്പെടുത്തി ഇന്റർനെറ്റിലൂടെ പണ്ഡിതന്മാരുടെ പ്രഭാഷണങ്ങളും വീഡിയോകോൺഫറൻസിംഗും സംഘടിപ്പിക്കുന്ന കാര്യവും പരിഗണനയിലുണ്ട്.

2014–ലെ സമ്മർ കാലത്ത് ഗുരുധർമ്മ പ്രചാരണം കൂടുതൽ ഫലപ്രദമാക്കാൻ നാരായണ ഗുരുകുലത്തിൽ നിന്നും മഹാ വിദ്വാനായ സ്വാമി തന്മയനെ (പൂർവ്വാശ്രമത്തിൽ ഡോ. തമ്പാൻ) മൂന്ന് മാസത്തേക്ക് കൊണ്ടുവരാനുള്ള ശക്തമായ നിർദ്ദേശം വന്നു. വിമാനയാത്ര, താമസം തുടങ്ങിയവയുടെ ചിലവുകൾക്ക് സ്പോൺസർമാരെ കണ്ടെത്താനാവുമെന്ന നിർദ്ദേശവും നിർവാഹക സമിതി തത്വത്തിൽ അംഗീകരിക്കുകയും സ്വാമി തന്മയനെ കേരളത്തിലെ ഗുരുകുലത്തിൽ ബന്ധപ്പെടാൻ പ്രസിഡന്റിനെയും ജനറൽ സെക്രട്ടറിയെയും ചുമതലപ്പെടുത്തുകയും ചെയ്തു. കൂടാതെ പ്രാഥമിക നടപടിയെന്ന നിലയിൽ ഗുരുകുലത്തിൽ പോയി സ്വാമിയെ കണ്ട് സംസാരിക്കാൻ സുരേഷ് ധർമ്മരാജനേയും ഡോ. നിർമ്മല രവീന്ദ്രനേയും നിയോഗിക്കുകയും ചെയ്തു.

ഇക്കൊല്ലത്തെ ഗുരുജയന്തി ആഘോഷവേളയിൽ ഗുരുപ്രബോധന പ്രചാരണത്തിന് ഡോ. നിർമ്മല രവീന്ദ്രന്റെയും, ബീന ശ്രീനാരായണന്റെയും സഹായത്തോടെ അനുയോജ്യമായ പുസ്തകങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞു. ഈസ്റ്റ്ഹാമിലെ മിഷൻസെന്ററിൽ അനുദിന-പ്രതിമാസ പ്രാർത്ഥനായോഗങ്ങളുടെ ബുക്കിംഗ് എടുക്കാനും പരിപാടികൾ സംഘടിപ്പിക്കാനുമുള്ള ചുമതല ജി. സുരേഷ്കുമാറിനാണ് (തമ്പി). പ്രാർത്ഥനാമുറികളിലെ ലഘുപുസ്തകങ്ങൾ നവീകരിച്ചു. വൃത്തിയുള്ള കോപ്പികൾ ലഭ്യമാക്കി. ക്രോയ്ഡൺ സെന്ററിൽ കഷോർകുമാറും, ഗോപാലകൃഷ്ണനും പ്രതിമാസ പ്രാർത്ഥനക്ക് നേതൃത്വം നൽകുന്നു. തങ്കരാജും ഷാജി ശിവാനന്ദനുമാണ് സൗത്ത്ഹാൾസെന്ററിൽ ത്രൈമാസ പൂജയ്ക്ക് നേതൃത്വം നൽകിവരുന്നത്. ഗുരുജയന്തി ആഘോഷവേളയിൽ ഗുരുവിനേയും വത്സലശിഷ്യനായ കുമാരനാശാനേയും കഥാപാത്രങ്ങളാക്കി ശശി എസ്. കുളനട സംവിധാനം ചെയ്തവതരിപ്പിച്ച 'സ്നേഹഗായകൻ' നാടകവുമായി പങ്കാളിത്തത്തിലൂടെയും പിന്തുണയോടെയും ജി ഡി പി സജീവമായി സഹകരിച്ചു.

കൂടുതൽ യുവാക്കളെ നമ്മുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ പ്രേരിപ്പിക്കുന്നതിന്റെ ഭാഗമായി ഷോൺ സുരേന്ദ്രൻ, ജീവൻജ്യോതി പ്രകാശ്, കിരൺ എസ്. എന്നിവരും ജി ഡി പി സബ് കമ്മറ്റിയിൽ ചേർക്കപ്പെട്ടു. പ്രതിമാസ പ്രാർത്ഥനാ പരിപാടികളിൽ ഇവർ പ്രസംഗിക്കുകയുണ്ടായി. ഈസ്റ്റ്ഹാമിലെ പ്രതിമാസ പരിപാടികളിൽ യൂത്ത് ഗ്രൂപ് മെമ്പർമാരായ ദേവി മോഹൻലാൽ, ദിവ്യ മോഹൻലാൽ എന്നിവരും പ്രസംഗിച്ചു. ഈസ്റ്റ്ഹാമിലെ പ്രതിമാസ പ്രാർത്ഥനാ പരിപാടികളിൽ പ്രസംഗിച്ച മറ്റുള്ളവർ: ഡോ. യതീഷ് ശിവാനന്ദൻ, ഡോ. പരീഷ് ഭാസി, കാരൂർ സോമൻ, ജി. ശശികുമാർ, ഗിരിധരൻ വിദ്യാധരൻ, ഡോ. ജിത്ത്.

ക്രോയ്ഡണിൽ ഗിരിധരൻ വിദ്യാധരനും, ജി. ശശികുമാറും, ഡോ. യതീഷും, വിലാസിനി കരുണാകരനും പ്രസംഗിക്കുകയുണ്ടായി.

- 1.1 ഈറ്റ്ഹാമിലെയും ക്രോയഡണിലേയും സൗത്ത് ഹാളിലേയും പ്രാർത്ഥനാ യോഗങ്ങൾ

- നമ്മുടെ പ്രിമാസ പ്രാർത്ഥനാ യോഗങ്ങൾ ക്രോയ്ഡണിലെ കോർണർ സ്റ്റോൺ ഹൗസിലും ഈസ്റ്റ്ഹാമിലെ മിഷൻ സെന്ററിലും വിജയകരമായി നടത്തി. പാരിഷ് ചർച്ച് ഓഫ് ക്രൈസ്റ്റ് ഓഫ് റെഡീമർ, 299 അലൻഡൈ റോഡിൽ സൗത്ത്ഹാൾ സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള ത്രൈമാസ പ്രാർത്ഥനായോഗവും സംഘടിപ്പിച്ചു. വർഷത്തിലുടനീളവും പ്രതിമാല, ത്രൈമാസ പ്രാർത്ഥനാ യോഗങ്ങൾ സ്പോൺസർ ചെയ്യുന്നതിന് അഡ്വാൻസ് ബുക്കിങ് നടത്താൻ കൂടുതൽ പേർ സന്നദ്ധരായി. പ്രാർത്ഥനാ യോഗത്തിൽ ഗുരുവിനെപ്പറ്റിയും, ആനുകാലിക വിഷയങ്ങൾ ആധാരമാക്കിയും ക്ഷണിക്കപ്പെട്ട പ്രമുഖർ പ്രഭാഷണങ്ങൾ നടത്തി. ക്രൈസ് ചർച്ചിലെ വൈദികനോടും കോർണർസോൺ ഹൗസ് മാനേജ്മെന്റിനോടും അവരുടെ പിന്തുണയുടെ പേരിൽ നമ്മൾ നന്ദിയുള്ളവരാണ്.ക്രോയ്ഡണിൽ പ്രതിമാസ പൂജ നടത്തുന്നതിന് പ്രതിബദ്ധതയോടെ പ്രവർത്തനം തുടർന്നു വരുന്ന മിഃ ആർ.സജി ദേവനോടും നമ്മൾക്ക് നന്ദിയുണ്ട്.

| മാസം | ഈസ്റ്റ്ഹാം | ക്രോയ്ഡൺ |
|---|---|---|
| ജനുവരി | മോഹൻരാജും കുടുംബവും | പരേതനായ വിശ്വനാഥന്റെ കുടുംബം |
| ഫെബ്രുവരി | മല്ലികാരാജനും കുടുംബവും | ബൈജുനാഥനും കുടുംബവും |
| മാർച് | അമ്മാസ് ഗ്രൂപ് | തുളസീധരനും കുടുംബവും |
| ഏപ്രിൽ | സുജയും കുടുംബവും | ജയകുമാറും കുടുംബവും |
| മെയ് | ശാന്ത വിശ്വംഭരൻ | സത്യദേവനും കുടുംബവും |
| ജൂൺ | അഞ്ജലീനാ മോഹനനും കുടുംബവും | സുനിൽ കൃഷ്ണനും കുടുംബവും |
| ജൂലൈ | അരുന്ധതി ഉണ്ണി ആനന്ദും കുടുംബവും | രമാമണിയും കുടുംബവും |
| ഓഗസ്റ്റ് | ശോഭന രാമകൃഷ്ണനുംകുടുംബവും | മദനാവതിയും കുടുംബവും |
| സെപ്റ്റുബർ | മുരളീധരനും കുടുംബവും | വിലാസിനിഭാനുവും കുടുംബവും |
| ഒക്ടോബർ | ജ്യോതിപ്രകാശും കുടുംബവും | വിലാസിനി കരുണാകരനും കുടുംബവും |
| നവംബർ | ബീനാ പുഷ്കാസുംകുടുംബവും | എസ്എൻജിഎം |
| ഡിസംബർ | റെജിയും കുടുംബവും | ശ്രീദേവി ധർമ്മരാജനും കുടുംബവും |

ക്രോയ്ഡണിലെ പ്രതിമാസ പ്രാർത്ഥനയ്ക്ക് അത്മാർത്ഥ സഹകരണം നല്കിപോരുന്നതിന്റെ പേരിൽ താഴെപ്പറയുന്നവരോടും നമുക്ക് കൃതജ്ഞതയുണ്ട്. വിലാസിനി ഭാനു, ഭാമ തുലസീധരൻ, വിലാസിനി കരുണാകരൻ, ശ്രീദേവി ധർമ്മരാജ്, പ്രസന്ന ജയകുമാർ, രേണുക കിഷോർകുമാർ, തുളസീധരൻ കൂടാതെ നമ്മുടെ പിന്തുണക്കാർക്കെല്ലാം നന്ദി.

- 2013 ലെ പ്രതിമാസ പ്രാർത്ഥനാ സ്പോൺസർമാരുടെ പട്ടിക താഴെഃ
- സൗത്ത് ഹാളിലെ 2013 ലെ ത്രൈമാസ പ്രാർത്ഥനയുടെ സ്പോൺസർമാർഃ
- 20.01.2013 – ഡോ. സുരേഷ് തങ്കപ്പൻ, സ്റ്റെർലിങ് റോഡ്, ഹയെസ്, മിഡിൽസെക്സ്, യുബി3 3എജെ
- 21.04.2013 – എസ്എൻജിഎം സമൂഹ പൂജ
- 15.07.2013 – കെ. തങ്കരാജും കുടുംബവും, സൗത്ഹാൾ, മിഡിൽസെക്സ്, യുബി1 2എഎൻ, ആർ. സത്യദേവൻ, വുഡ്റോ അവന്യു, ഹയെസ്, മിഡിൽസെക്സ്, യുബി4 8ക്യുഎൻ.
- 20.10.2013 – എസ്എൻജിഎം സമൂഹ പൂജ

പ്രതിമാസ പ്രാർത്ഥനാ യോഗങ്ങൾ വിജയിപ്പിക്കാൻ യത്നിച്ച സ്പോൺസർമാർക്കും വോളന്റിയർമാർക്കും നന്ദി പറയുന്നു.

### 1.2 പ്രത്യേക പ്രാർത്ഥനാ യോഗങ്ങൾ

മുൻ വർഷങ്ങളിലെ പൊതു രീതി പിന്തുടർന്നുകൊണ്ട് നമ്മൾ താഴെ പറയുന്ന പ്രകാരം പ്രത്യേക പ്രാർത്ഥനാ യോഗങ്ങൾ സംഘടിപ്പിച്ചു. ശ്രീനാരായണ ഗുരു ജയന്തി ദിനം, ഗുരു സമാധി ദിനം ശ്രീ ചട്ടമ്പിസ്വാമി ജയന്തി, വിജയദശമി (വിദ്യാരംഭം) ദിനം, നവ വത്സര ദിനം, വിഷു, ശിവരാത്രി. മിഷൻ സെന്ററിൽ ഗുരു ജയന്തി ദിനാഘോഷവും സ്പോൺസർ ചെയ്ത മിസ്റ്റർ ആന്റ് മിസിസ് ശശിധരന് നന്ദി പറയുന്നു.

### 1.2.1 ഗുരുസമാധി ദിനം 2013

2013 സെപ്റ്റംബർ 21 ന് മുൻ പതിവുപോലെ പ്രത്യേക പ്രാർത്ഥനയും പരമ്പരാഗതമായ ''കണി'' വിതരണവും രാവിടെ പത്തു മണിക്ക് ഈസ്റ്റ്ഹാമിലെ മിഷൻ സെന്ററിലും നടത്തി. ഈസ്റ്റ്ഹാം സെന്ററിലെ പ്രത്യേക പ്രാർത്ഥനാ പരിപാടി സ്പോൺസർ ചെയ്തത് ശ്രീധരനും കുടുംബവുമാണ് (സെൽസ്ഡൺ റോഡ് ഈസ്റ്റ്ഹാം). പങ്കെടുത്ത് വിജയിപ്പിച്ചവർക്കു നന്ദി.

### 1.2.2 വിജയദശമി ദിനം

സരസ്വതീ പൂജയും അടുത്ത ദിവസം 'പൂജ എടുപ്പും' നടത്തി. മിഷൻ സെന്ററിൽ 2013 ഒക്ടോബർ 14 ന് ഗുരു സവിധത്തിൽ പരമ്പരാഗത ശൈലിയിൽ കുട്ടികളെ എഴുത്തിനിരിത്തിരക്കൊണ്ടുള്ള 'വിദ്യാരംഭം' ചടങ്ങുണ്ടായിരുന്നു. ഗുരുസ്ഥാനത്തു നിന്ന് ചടങ്ങു നിർവഹിച്ച അഡ്വ. രാമദാസിന് നന്ദി പ്രകടിപ്പിക്കുന്നു.

### 1.3 ലൈബ്രറി സർവ്വീസ്.

മുഖ്യമായും ദുരു ദർശന പ്രയാർത്ഥത്തിനായി പൊതുജനങ്ങൾക്കും മെമ്പർമാർക്കും വേണ്ടി പഠനസംവിധാനങ്ങളുടേയും മറ്റും വിവരങ്ങൾ താഴെ :

**എസ്.എൻ.ജി.എം ലൈബ്രറിയിലെ സൗകര്യങ്ങൾ :**

- ഗുരു പ്രബോതങ്ങൾ സംബന്ധിച്ച ഇംഗ്ലീഷ്, തമിഴ്, സംസ്കൃതം, മലയാളം ഭാഷകളിലെ പ്രബന്ധങ്ങൾ ഗുരുവിനെപ്പറ്റിയും മിഷന്റെ പഴയകാലത്തെ പ്രവർത്തനത്തെപ്പറ്റിയും വീഡിയോ, ഡി.വി.ഡി ഫിലിമുകൾ സെക്കൻഡറിസ്കൾ, സയൻസ്/ ടെക്നോളജി പുസ്തകങ്ങൾ.
- സെക്കൻഡറി സ്കൂളിലെ പ്രധാന വിഷയങ്ങൾക്കുള്ള പുസ്തകങ്ങൾ, സാംസ്കാരിക ഗ്രന്ഥങ്ങൾ, സോഷ്യൽ സയൻസ് പാഠപുസ്തകങ്ങൾ, ഓൺലൈൻ ന്യൂസ്പേപ്പറുകൾ, സൗജന്യമായി ഇന്റർനെറ്റ് സൗകര്യം.

1.4 **പ്രതിദിന പ്രാർത്ഥനാ യോഗങ്ങൾ**

പ്രതിദിന പ്രാർത്ഥനാ യോഗങ്ങൾ വൈകിട്ട് 6.30 മുതൽ 7.30 വരെ മിഷൻ സെന്ററിൽ സംഘടിപ്പിച്ച സത്യാനന്ദൻ, ജയദേവൻ, മിസ്റ്റർ ആന്റ് മിസിസ് പുരുഷോത്തമൻ എന്നിവരുടെ അകമഴിഞ്ഞ സഹകരണങ്ങളുണ്ടായിരുന്നു.

മിഷൻ സെന്ററിൽ എല്ലാ ഒന്നും രണ്ടും ഞായറാഴ്ചകളിൽ സായാഹ്ന പ്രാർത്ഥന സ്പോൺസർ ചെയ്ത മിസ്റ്റർ ആന്റ് മിസിസ് പ്രകാശ്,

മിഷൻ സെന്ററിൽ മൂന്നാം ഞായറാഴ്ചകളിൽ പ്രത്യേക പ്രാർത്ഥന നടത്തിയതിന് മിസിസ് അംബികാ മാധവൻ,

എന്നിവർക്കും നന്ദി.

വിമൺസ് ഫോർഡിന്റെ ആഭിമുഖ്യത്തിൽ മിഷൻ സെന്ററിൽ എല്ലാ മാസങ്ങളിലും അവസാന ഞായറാഴ്ചകളിൽ രാവിലെ പത്തിനുള്ള പ്രഭാത പ്രാർത്ഥന നമ്മൾ തുടർന്നു കൊണ്ടിരുന്നു.

2. **വിദ്യാഭ്യാസ സേവനം**

ചെയർ പേഴ്സൺ – ജ്യോതി പ്രകാശ്

വൈസ് ചെയർ പേഴ്സൺ – കിഷോർകുമാർ

പ്രിൻസിപ്പാൾ – ഡോ. സൊനാംഗി എം.എസ്.സി, പി.എച്ച്.ഡി, പി.ജി.സി.ഇ മാത്സ്

സബ് കമ്മിറ്റി അംഗങ്ങൾ – വിനോദ് ബാബു, ജയപ്രകാശ്, ബീന ശ്രീനാരായണൻ, അരുൺ, ഗിരിധരൻ, ശ്രീകുമാർ, ശശിധരൻ, ഗോപാലകൃഷ്ണൻ, പ്രശോബ് കുമാർ, അനികുമാരി, സുജ ഗോപിനാഥൻ.

പ്രാദേശിക സമൂഹത്തിൽ സപ്ലിമെന്ററി വിദ്യാഭ്യാസ സംവിധാനം ലഭ്യമാക്കിയതാണ് സംഘത്തിന്റെ പ്രധാന സേവന പരിപാടികളിൽ ഒരെണ്ണം. നമ്മുടെ പ്രതിബന്ധതയും സേവനമനസ്ഥിതിയുമുള്ള വോളന്റിയർമാർ നടന്ന് മികച്ച രീതിയിൽ സംഘടിപ്പിച്ചു. പരിചയ സമ്പന്നരായ അധ്യാപകരാണ് പാഠങ്ങൾ പഠിപ്പിച്ചത്. ഏകദേശം ഇരുപത് വർഷത്തെ വൈദഗ്ധ്യം ഈ മേഖലയിൽ നമുക്കുണ്ട്. പ്രത്യേക പ്രായ വിഭാഗത്തിന് നാഷ്ണൽ കരിക്കുലം നിർദ്ദേശിച്ചിട്ടുള്ളതിലും ഉയർന്ന നിലവാരം നമ്മൾ പുലർത്തിവരുന്നു. കുട്ടികൾക്ക് ഗൃഹപാഠത്തിന് നല്ല സാഹചര്യമൊരുക്കുവാനും അവരുടെ പ്രതിവാര പുരോഗതി മാതാപിതാക്കൾക്ക് മനസ്സിലാക്കാനും നമ്മുടെ ഈ സംരംഭം സഹായകമായിട്ടുണ്ട്. ഇതിന്റെ പ്രത്യേകതകൾ

- ചുരുങ്ങിയ ഫീസ് മാത്രമേ നമ്മൾ ഈടാക്കുന്നുള്ളൂ. സോഷ്യൽ സെക്യൂരിറ്റി ബെനഫിറ്റിന്റെ ആനുകൂല്യത്തോടെ രണ്ടോ അതിലധികമോ കുട്ടികളെ പഠിപ്പിക്കാനയയ്ക്കുന്ന വീട്ടുകാർക്ക് ഫീസ് ഇളവ് നൽകിവരുന്നു.
- സെന്റർ മാനേജർ വഴി മുൻകൂട്ടിയുള്ള അപ്പോയിൻമെന്റിലൂടെ അദ്ധ്യാപകനും മാതാപിതാക്കളുമായി ഫലപ്രദമായ ആശയവിനിമയം സാധ്യമാക്കുന്നു.
- മാസാടിസ്ഥാനത്തിൽ ഫീസ് ശേഖരിക്കുന്നു. ഹാജരാകാത്ത ദിവസങ്ങൾക്ക് ഇളവ് നൽകുന്നില്ല.
- വിവിധ സമൂഹങ്ങളിൽ നിന്നുള്ള കുട്ടികളാണ് നമുക്കുള്ളത്.
- ഗവൺമെന്റിന്റെ നിഗമനങ്ങൾക്കനുസരിച്ചാണ് പ്രവർത്തനം. ഇതിൽ വിട്ടുവീഴ്ചകൾ അനുവദിക്കുന്നില്ല. പഠനത്തിന് സുരക്ഷിതവും ശാന്തവുമായ അന്തരീക്ഷം നമ്മൾ ഒരുക്കിയിട്ടുണ്ട്.

മികച്ച നിലവാരം ഉറപ്പാക്കിക്കൊണ്ട് കഠിനാധ്വാനം ചെയ്തുവരുന്ന അധ്യാപകതുടെ കാര്യത്തിൽ നമുക്ക് അഭിമാനമുണ്ട്. അവരുടെ നിരന്തരാധ്വാനത്തെ അഭിനന്ദിക്കുന്നു. മാതാപിതാക്കളുടെ സഹകഗണവും മാനിക്കുന്നു. നമ്മുടെ സേവനത്തെ പല മാതാപിതാക്കളും സ്കൂൾ അധ്യാപകരും അഭിനന്ദിക്കുകയുണ്ടായി. സംഘത്തിന് വളരെ ചാരിതാർത്ഥ്യജനകമാണിത്. ഈസ്റ്റ്ഹാമിലും, ക്രോയ്ഡന്നിലുമായി മിഷന് രണ്ട് സപ്ലിമെന്ററി എഡ്യുക്കേഷൻ സെന്ററുകളുണ്ട്.

2.1 **ശ്രീനാരായണ എഡ്യുക്കേഷൻ സെന്റർ ഈസ്റ്റ്ഹാം.**

നമ്മുടെ പരിമിത സാഹചര്യങ്ങളിൽ ഒതുങ്ങിനിന്നുകൊണ്ട് വിവിധ പ്രായഗ്രൂപ്പിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസ സംബന്ധമായ സേവനം ലഭ്യമാക്കാൻ മിഷൻ സെന്റർ മിഷൻ സെന്റർ ശനിയാഴ്ചകളിൽ സപ്ലിമെന്ററി വിദ്യാഭ്യാസ പോഷണ പരിപാടി നടത്തിവരുന്നു. ആഴ്ചതോറും ശരാശരി 45 കുട്ടികളാണുള്ളത്. ഈസ്റ്റ്ഹാമിലെ മുഖ്യ അധ്യാപകർ :

ഡോ. ജെ. സോളങ്കി ആരെ (Hons), MSc, PhD, PGCE – Maths
റിച്ചാർഡ് മേസൻ BA (Hons), MA, PGCE – English
മാത്യൂസ് ജോൺ BSc (Hons), PGCE – Science
ജസീന്ത ജോസഫ് BA (Hons), PGCE - English
മാൽകിറ്റ് പാനേസർ BSc (Hons), PGCE – Science
അനിതാ സോളങ്കി സിംഗ് BSc (Hons), PGCE – Junior Classes
ഡാനിയേൽ സത്യമൂർത്തി BSc (Hons), PGCE – Maths
മോഹിനി സോളങ്കി സിംഗ് BSc (Hons), PGCE – Science & Maths (Year 5-6)

ശനിയാഴ്ചകളിൽ 9 എ.എം മുതൽ 3 പി.എം വരെ മിഷൻ സെന്ററിൽ സപ്ലിമെന്ററി എഡ്യൂക്കേഷൻ സെന്ററർ പ്രവർത്തിക്കുന്നതിന് ഗണ്യമായ സഹായം നൽകിക്കൊണ്ടിരിക്കുന്ന എഡ്യൂക്കേഷൻ സെന്റർ അധികാരികളോട് നാം നന്ദിയുള്ളവരാണ്.

ഇവരാണ് അഡ്മിനിസ്റ്റേറ്റർമാർ
സോണിയ ഭാസ്കരൻ
റിയ ധർമ്മരാജൻ
ശ്രവ്യ അനന്തകുമാർ

ഉയർന്ന നേട്ടം കൈവരിച്ചവർ

2012/2013 അക്കാദമിക് വർഷം മികച്ച നേട്ടങ്ങൾക്കുടമയായ എസ്എൻജിഎം ജിസിഎസ്ഇ വിദ്യാർത്ഥികൾ :

ബിലാൽ റഷീദ് – ഈസ്റ്റ്ഹാം സെന്റർ
അലീഷ ബാലകൃഷ്ണൻ – ക്രോയ്ഡൺ (അംഗം)
ജിതിൻ നായർ – ക്രോയ്ഡൺ സെന്റർ
ദിവ്യ തങ്കരാജ് – സൗത്ത്ഹാൾ (അംഗം)

ഗുരുജയന്തി ദിനത്തിൽ അംഗീകാര സൂചകമായി ഇവർക്ക് മെഡലുകളും സർട്ടിഫിക്കറ്റുകളും സമ്മാനിച്ചു.

2.2 **ക്രോയ്ഡണിലെ ശ്രീനാരായണ ഗുരു എഡ്യൂക്കേഷൻ സെന്റർ**

രചനാത്മകമായ മനോഭാവത്തോടെ സംഘം യാഥാർത്ഥ്യമാകാനുതകുന്ന പിന്തുണയും ധൈര്യവും കുട്ടികൾക്കു പകർന്നു നൽകുകയാണ് സെന്ററിന്റെ ലക്ഷ്യം. കുട്ടികൾ ലക്ഷ്യമിടുന്ന ഉയർന്ന ഗ്രേഡുകൾ സ്വന്തമാക്കാൻ പര്യാപ്തമായ പരുശീലനം ഉറപ്പാക്കാൻ ഞങ്ങൾ പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്നക്കുന്നു. യഥാർത്ഥ പുരോഗതി ഓരോ കുട്ടിക്കുമുണ്ടാകാൻ ആവശ്യമായ ഇച്ഛാശക്തിയും ആത്മവിശ്വാസവും കുട്ടികൾക്ക് പകർന്നു നല്കുന്നു. അതിനുള്ള അനുയോഗ്യമായ പഠനാന്തരീക്ഷം ഒരുക്കി നൽകുന്ന കൗൺസിലിൽ നിന്നുള്ള ഗ്രാന്റുകൾ ഇല്ലാതെ വിജയകരമായി പ്രവർത്തിച്ചുവരുന്ന സെന്റർ. പഴയ നിലവാരത്തിലുള്ള ഫീസുകൾ തന്നെയാണ് വാങ്ങിവരുന്നത്. പ്രൈമറി വിഭാഗത്തിലും സെക്കൻഡറി വിഭാഗത്തിലും വന്ന കുട്ടികളെ അവരുടെ കഴിവിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ പഠിപ്പിക്കുന്നുണ്ട്. മിക്ക കുട്ടികളും മിടുക്ക് തെളിയിച്ചിട്ടുള്ളവരാണ്. അവരെ ഞങ്ങൾ കൂടുതൽ പ്രഗത്ഭരാക്കി മാറ്റുന്നു. പൂർണ്ണമായി കഴിവ് വിനിയോഗിക്കാനുള്ള ചുരുക്കം പിന്തുണയും മാർഗ്ഗ നിർദ്ദേശവും മാത്രമാണ് ചിലർക്ക് ആവശ്യമുള്ളത്. രാവിലെ 9 മണിമുതൽ 12 വരെ സി.വി.എ യുടെ ക്രോയ്ഡണിലെ വില്ലീസ് റോഡിലുള്ള കോർണർ സ്റ്റോൺ ഹൗസിലാണ് ക്ലാസുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. കുട്ടികൾക്ക് സന്തോഷം പകരുന്ന മികച്ചതും വിസ്തൃതവുമായ പരിസരമാണിവിടെയുള്ളത്. മാതാപിതാക്കൾക്കും അധ്യാപകർക്കും പ്രയോജനപ്പെടുന്ന കാർ പാർക്കുണ്ടിവിടെ. പബ്ലിക് ട്രാൻസ്പോർട്ട് സൗകര്യവും ലഭ്യമാണ്.

ഇംഗ്ലീഷ്, മാത്സ്, സയൻസ് എന്നീ വിഷയങ്ങളിലാണ് ഞങ്ങൾ ട്യൂഷൻ നൽകി വരുന്നത്. ക്ലാസെടുക്കുന്നത് മികച്ച യോഗ്യതയും പ്രവർത്തന പരിചയവും സ്വന്തമായുള്ള അധ്യാപകരും ട്യൂട്ടർമാരാണ്. ക്രോയ്ഡണിലെ അധ്യാപകർ :

സെക്കൻഡറി സ്കൂൾ അധ്യാപകർ –

നയന പ്രദീപ്കുമാർ MSc, PGCE (Science)

പേറ്റ–ഗെയ്ൽ ലൂവിൻസൺ (PGCE-Maths – ഹാരിസ് അക്കാഡമി സൗത്ത്നോർവുഡ്)

പോളിയാനാ വിൽസൺ – Supply Teacher (PGCE - Maths – ഹാരിസ് അക്കാഡമി സൗത്ത്നോർവുഡ്)

നതാഷ ഷീന ചാൻ (English – PGCE– Primary, MA –Education) Croydon Independent Education Appeal Panel member.

പ്രൈമറി അധ്യാപകർ –

ഗ്രേസ് ആർഡ്‌ലി (Junior Teacher – Broadmead Junior School, Croydon)

എലെയ്ൻ ആർഡ്‌ലി (Junior Teacher –Beulah Primary School, Croydon)

**സൗജന്യ മലയാളം ക്ലാസുകൾ**

ഞായറാഴ്ചകളിൽ രാവിലെ 11 മുതൽ ഉച്ചയ്ക്ക് 12 വരെ സെന്ററിൽ മലയാളം ക്ലാസുകൾ തുടരുന്നു. ശ്രീലത ശശികരൻ ആണ് അധ്യാപിക അവരുടെ പ്രതിബദ്ധതയ്ക്ക് നന്ദി.

മാനേജ്മെന്റ്/അഡ്മിനിസ്ട്രഷൻ/ സപ്പോർട്ട് സ്റ്റാഫ് :

കിഷോർ കുമാർ, സാബുലാൽ, മീനു അരുൾദാസ്, സുജ ഗോപിനാഥൻ, സാൻഡി നടരാജൻ, അനി രാജേന്ദ്രൻ, റെജിൻ സുരേഷ് (Admin –Volunteer) – Feb 2013 to Jan 2014)

2.3 **സൗത്ത്ഹാളിലെ എഡ്യൂക്കേഷൻ സെന്റർ**

ഈ സെന്റർ ശൈശവദശയിലാണ് എങ്കിലും DOME–ൽ (Hounslow badminton club, North Hyde Lane, Southall, Middlesex UB2 5RN) ഒരു മലയാളം ക്ലാസ് ആരംഭിച്ചു. സമയം ഞായറാഴ്ചകളിൽ രാവിലെ 11 മുതൽ ഉച്ചയ്ക്ക് 12 വരെ. എഡ്യൂക്കേഷൻ സെന്റർ സ്ഥാപിക്കാൻ കൂടുതൽ പരിശ്രമവും പ്രാദേശിക പിന്തുണയും ആവശ്യമാണ്.

3. **സോഷ്യൽ, ആർട്സ് ആന്റ് കൾച്ചറൽ സബ് കമ്മിറ്റി.**

ചെയർപേഴ്സൺ : സതീഷ് കുമാർ

വൈസ് ചെ : ബീനാ പുഷ്കാസ്

സബ്കമ്മറ്റി അംഗങ്ങൾ : ഗിരിധരൻ വിദ്യാധരൻ, ലീന സലിം, സുരേഷ് കുമാർ (തമ്പി), കീർത്തി സോമരാജൻ, ജോയ് ഗോപി, ബൈജു ശാന്തശീലൻ, ശശി എസ്. കുളമുട, മണമ്പൂർ സുരേഷ്, ജീജ ശ്രീലാൽ

എല്ലാ പരിപാടികളുടേയും വിജയത്തിൽ ഈ സബ്കമ്മറ്റിക്ക് സുപ്രധാനമായ പങ്കാളിത്തമുണ്ട്. ഗുരുജയന്തി, ക്രിസ്തുമസ് തുടങ്ങിയ മുഖ്യ ആഘോഷങ്ങളിൽ മാത്രമല്ല കലയും സംസ്കാരവുനായി ബന്ധപ്പെട്ട് നമ്മുടെ സമൂഹത്തിനകത്തും പുറത്തുമുള്ളവരോടുചേർന്ന് ഉജ്വല പ്രവർത്തനം കാഴ്ച വയ്ക്കാൻ കഴിഞ്ഞു. പ്രതിബന്ധ സ്വഭാവമുള്ള ഒരു കലാസാംസ്കാരിക സംഘം രൂപീകരിക്കുകയെന്ന ആശയം ഇക്കൊല്ലം സജീവമായി. ഗുരുധർമ്മം പ്രചാരകം ലക്ഷ്യമാക്കി നമ്മുടെ സ്വന്തം പ്രതിഭകളെ സംഘടിപ്പിച്ച് നാടകവും മറ്റ് പരിപാടികളും നടത്തുകയെന്നതാണ് പ്രധാന ഉദ്ദേശം. ഈ സംഘത്തിന്റെ ഉദ്ഘാടനം 2014 മാർച്ച് 1 ന് 'ഗുരുപ്രഭ' എന്ന പേരിൽ നടത്താൻ തീരുമാനമെടുത്തു. പൂർണ്ണ പിന്തുണ വാഗ്ധാനം നൽകിയിട്ടുള്ള പ്രസ്ഥാനങ്ങളെ ഇതുമായി സഹകരിപ്പിക്കും. ഈ പ്രഭയുടെ ആഭിമുഖ്യത്തിൽ സംഘം ക്രോയ്ഡൺ മന്ദിരത്തിൽ വച്ച് ഫണ്ട് ശേഖരണം ഉൾപ്പെടെയുള്ള പരിപാടികൾ നടത്താൻ ലക്ഷ്യമിടുന്നു. ഓരോ വർഷവും നാല് പരിപാടികളെങ്കിലും സംഘടിപ്പിക്കാൻ ഇതിലൂടെ തദ്ദേശീയ പ്രതിഭകൾക്ക് കലാസാഹിത്യ സാംസ്കാരിക പോഷണത്തിന് അവസരങ്ങൾ ലഭ്യമാക്കാനും ലക്ഷ്യമുണ്ട്. കൂടാതെ നമ്മുടെ ലൈറ്റ്, സൗണ്ട്, സ്റ്റേജ് സംവിധാനങ്ങൾ നവീകരിക്കാൻ പദ്ധതിയുണ്ട്. നമ്മുടെ ഹാളും സംവിധാനങ്ങളും

വാടകയ്ക്കെടുക്കുന്ന ഗുണകാംക്ഷികളിൽ നിന്ന് നാമമാത്രമായി അധിക വാടക ഈടാക്കി ക്കൊണ്ട് അവർക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുവാൻ ഉദ്ദേശിക്കുന്നു.

### 3.1 ഗുരുജയന്തിയും ഓണസദ്യയും

ഈ വർഷം നമ്മുടെ സെന്ററുകളിൽ ഗുരുജയന്തിയും ഓണസദ്യയും സംഘടിപ്പിച്ചത് സ്പെഷ്യൽ എഫക്ട്സ് സെക്രട്ടറി ജി. സുരേഷ്കുമാർ നേതൃത്വം നൽകിയ പ്രത്യേക സബ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിലായിരുന്നു.

**തിയതികളും സ്ഥലങ്ങളും.**

ഈസ്റ്റ്ഹാം (ഓണസദ്യ) – 2013 സെപ്റ്റംബർ 8 ഞായർ
ഈസ്റ്റ്ഹാം (ഗുരുജയന്തി) – 2013 സെപ്റ്റംബർ 15 ഞായർ
സൗത്ത്ഹാൾ (ഗുരുജയന്തിയും ഓണസദ്യയും) – 2013 സെപ്റ്റംബർ 14 ശനി
ക്രോയ്ഡൺ (ഓണസദ്യ) – 2013 സെപ്റ്റംബർ 9 ശനി

ദീപം തെളിയിച്ചുകൊണ്ടും പ്രാർത്ഥനയോടെയുമണ് എല്ലായിടങ്ങളിലും പരിപാടി കൾ ആരംഭിച്ചത്. 5 വയസ്സ് മുതൽ 65 വയസ്സ് വരെയുള്ളവർ ഗ്രൂപ്പുകളായി വിവിധ കലാപ രിപാടികൾ അവതരിപ്പിച്ചു. മൂന്നിടത്തും പരിപാടികൾ വൻ വിജയമായിരുന്നു. മൂന്നിടത്തും അഭ്യുദയകാംക്ഷികൾ തികഞ്ഞ ആത്മാർത്ഥതയോടെ കഠിനധ്വാനം ചെയ്താണ് പരിപാടി കൾ വിജയകരമാക്കിയത്. ആകെ 1600 കുടുംബങ്ങൾ പങ്കെടുത്തു. ജി. സുരേഷ്കുമാർ മുഖ്യ നേതൃത്വം നൽകിയ പരിപായികളുടെ വിജയത്തിന് സഹകരിച്ച ഏരിയ ടീം അംഗ ങ്ങൾ –

ക്രോയ്ഡൺ : ടി. കിഷോർ കുമാർ (Vice Chair) & ഗോപാലകൃഷ്ണൻ
സൗത്ത്ഹാൾ : കെ. തങ്കരാജ് (Vice Chair) & ഷാജി ശിവാനന്ദൻ
ഈസ്റ്റ്ഹാം : പി. അരുൺ (Vice-Chairman-overall)
വസന്ത രാമകൃഷ്ണൻ (Vice chair-Ona sadhya)

കമ്മറ്റി അംഗങ്ങൾ : സുധ ശശിധരൻ, രോഹിണി വി., വൽസമ്മ തങ്കപ്പൻ, ജീജാ ശ്രീലാൽ, ലീന സലിം, ബീന പുഷ്കാസ്, സുലോചന ശ്രീധരൻ, ടി.ജി. ശശിധരൻ, ശശി എസ്. കുളമട, സതീഷ്, രാജേശ്വരി സദാശിവൻ, ശ്രീകുമാർ ഭാസ്കരൻ, ഗിരിധരൻ വി., വിനോദ് ബാബു, ജ്യോതിപ്രകാശ് നാരായണൻ, സ്വയംപ്രഭ പുരുഷോത്തമൻ.

#### 3.1.1 സൗത്ത്ഹാൾ

സൗത്ത്ഹാലിലെ പരിപാടികളെല്ലാം സംഘടിപ്പിച്ചത് പ്രതിബദ്ധതയുള്ള ഒരു സംഘം വോളിന്റിയർമാരുടെ സഹകരണത്തോടെ തങ്കരാജ് ,ഷാജി ശിവാനന്ദൻ, മണിലാൽ ശിവാന ന്ദൻ എന്നിവർ ചേർന്നാണ്. 2013 സെപ്റ്റംബർ 14 ശനിയാഴ്ച റെഡീമർ ചർച്ച് ഹാളിൽ നട ത്തിയ ഓണാഘോഷവും സദ്യയും അവിസ്മരണീയമായി. പ്രാർത്ഥനയോടെ ആരംഭിച്ച ചട ങ്ങിനോടനുബന്ധിച്ച് വിവിധ കലാപരിപാടികളും അരങ്ങേറി.

സന്തോഷ് നായരുടെ കൊറിയോഗ്രഫിയിൽ അവതരിപ്പിച്ച തിരുവാതിര നൃത്തം ലിയാ ജീവന്റെ ശിക്ഷണത്തിൻ പഠിച്ച കുട്ടികളുടെ ക്ലാസ്സിക്കൽ സെമി ക്ലാസ്സിക്കൽ ഡാൻസ്, സുധീഷ് സംഘം അവതരിപ്പിച്ച ഗാനമേള തുടങ്ങിയവ ഹൃദയഹാരിയായിരുന്നു. ജീവിതത്തിന്റെ നാനാതുറയിൽ നിന്നുള്ളവർ പങ്കെടുത്ത് എല്ലാം വിജയകരമാക്കി. മനോജ് രാജൻ ഡിസൈൻ ചെയ്ത അത്തപ്പൂക്കളം നയന മനോഹരമായി. ഗുരുജയന്തി ആഘോഷ കോ ഓർഡിനേറ്റർ സുരേഷ്കുമാറും വൈസ്പ്രസിഡന്റ് ബൈജു ശാന്തശീലനും മനോജ് രാഘവന് സഹകരണമേകി.

പരിപാടികൾ നന്നായി നടക്കാനായത് ഒട്ടേറെ പേരിൽ നിന്നുള്ള സംഭാവനകളു ടേയും സ്പോൺസർഷിപ്പിന്റേയും സഹായത്തോടെയാണ്. ഭക്ഷണ ഗതാഗത ക്രമീകരണ ങ്ങൾക്ക് നേതൃത്വം നൽകിയ ഡോ. സുരേഷ് തങ്കച്ചനേയും, പ്രസാദ് രാഘവനേയും നന്ദി യോടെ ഓർക്കുന്നു. സൗത്ത്ഹാളിലെ ഓണാഘോഷം ഗംഭീരമാക്കിയതിന് ഓരോരു ത്തർക്കും അകമഴിഞ്ഞ നന്ദി.

### 3.1.2 ക്രോയ്ഡൺ

കിഷോർ കുമാറാണ് ക്രോയ്ഡൺ സെന്ററിലെ ഓണസദ്യയ്ക്കുള്ള നേതൃത്വം നൽകിയത്. ഗോപാലകൃഷ്ണനും വോളന്റിയർ സംഘങ്ങളും സഹകാരികളായിരുന്നു. മെത്തഡിസ്റ്റ് ചർച്ച്ഹാളിൽ 2013 സെപ്റ്റംബർ 14 നായിരുന്നു പരിപാടികൾ തദ്ദേശീയ സമൂഹം സഹകരിക്കുകയുണ്ടായി. ഉച്ചയ്ക്ക് 12 ന് ഗുരു പ്രാർത്ഥനയോടെയായിരുന്നു അവിസ്മരണീയമായ പരിപാടികളുടെ തുടക്കം. തുടർന്ന് സംഘം പ്രസിഡന്റ് ശശികുമാർ ഓണ സന്ദേശം നൽകി. അത്തപ്പൂക്കളം മനോഹരവും ഗംഭീരവുമായിരുന്നു. 350 പേർ പങ്കെടുത്ത ഓണസദ്യ വിഭവസമൃദ്ധമായിരുന്നു.

ഓണസദ്യ സ്പോൺസർമാർ

എ. ജയകുമാർ, പി. രാംസിങ്, സജീവ് ലാൽ, രവി സോമരാജൻ, വിലാസിനി കരുണാകരൻ, സുധീർ കരുണാകരൻ, ശ്രീദേവി ധർമ്മരാജൻ, പരിഷ് ഭാസി, സിന്ധു മോഹൻ, അനി രാജേന്ദ്രൻ, സാബു ലാൽ, സുജ ഗോപിനാഥൻ

അത്തപ്പൂക്കളമൊരുക്കിയവർ

അനി രാജേന്ദ്രൻ, സുജ ഗോപിനാഥൻ, തിയ നടരാജൻ, താര നടരാജൻ, രാജേന്ദ്രൻ, റിയ രാജേന്ദ്രൻ

വോളന്റിയർമാരും ഇതര പിന്തുണക്കാരും –

സുരേഷ് ധർമ്മരാജൻ, രേണുക കിഷോർകുമാർ, ഇന്ദു കിഷോർകുമാർ, അർജുൻ കിഷോർകുമാർ, പുത്രൻ രാംസിംഗ്, പ്രതിഭ രാംസിംഗ്, അനിഷ രാംസിംഗ്, അരുൺ രാംസിംഗ്, സജീവ് സദാശിവൻ, വി. പ്രകാശ്, നിമ പ്രകാശ്, ജോഷ് പ്രകാശ്, ആര്യ പ്രകാശ്, അപ്പു ജയകുമാർ, പ്രസന്ന ജയകുമാർ, ഷിബു ജയകുമാർ, ലൂയിസ് ഐറിസ്, നസീർ ബാബു, പദ്മകുമാർ, ലതിക പദ്മകുമാർ, സത്യദേവൻ, തുളസീധരൻ, ഭാമ തുളസീധരൻ, പ്രിയ ബസന്ത്, അശ്വിനി ബസന്ത്, കെ. സുനിൽ, ദേവി സുനിൽ, ദില്ലൻ സുനിൽ, സുമേഷ്, ജയകുമാർ ഭാനു, സാബു, ബിജു നടരാജൻ, സുഭാഷ് ശിവദാസൻ.

ഭക്ഷണം തയ്യാറാക്കി എത്തിച്ചുതന്ന അശ്വതി റസ്റ്റോറന്റിലെ ഷാജിക്ക് പ്രത്യേകം നന്ദി പ്രകടിപ്പിക്കുന്നു.

### 3.1.3 ഈസ്റ്റ്ഹാം

രണ്ടു ദിനങ്ങളിലായാണ് ഈസ്റ്റ്ഹാമിലെ ഓണസദ്യയും ഗുരു ജയന്തിയും ആഘോഷിച്ചത്. ജി. സുരേഷ്കുമാർ നേതൃത്വം നൽകി. കെ. സതീഷ് കുമാർ, റാണി, സുധീശൻ, ഗിരി മാധവൻ, ശ്രീമതി മഞ്ചു മന്ദിരത്തിൽ എന്നിവരും സബ്കമ്മിറ്റി അംഗങ്ങളും, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും മറ്റും പിന്തുണയേകി.

**ഓണസദ്യ**

ഈ വർഷത്തെ ഓണസദ്യ മഹാവിജയമാക്കാൻ അധ്വാനിച്ച വോളന്റിയർമാർക്ക് നന്ദി. പരിപാടികളുടെ മൊത്തം നിർവഹണം വ്യാപകമായ അഭിനന്ദനം പിടിച്ചുപറ്റി, ശ്രീമതി ബീന പുഷ്കരൻ ഒരുക്കിയ അത്തപ്പൂക്കളം നയനാനന്ദകരമായിരുന്നു. മൂന്ന് പായസങ്ങൾ സഹിതമുള്ള ഓണസദ്യ 350 പേർ ആസ്വദിച്ചു.

സ്വന്തം ചെലവിൽ ഓണസദ്യയൊരുക്കിയതിന് വത്സമ്മ തങ്കപ്പൻ, രോഷ്ണി വാസുദേവൻ, സുധ ശശിധരൻ, ബീന പുഷ്കാസ്, കെ.സതീഷ് കുമാർ, മഞ്ചു മന്ദിരത്തിൽ, അംബിക മാധവൻ, സ്വയംപ്രഭ പുരുഷോത്തമൻ, രാജേശ്വരി സദാശിവൻ, ഷൈലജ ധർമ്മശീലൻ എന്നിവർക്ക് കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഇക്കൊല്ലത്തെ ഓണസദ്യ ആഘോഷങ്ങൾക്ക് ധനസഹായം നൽകിയ ഡോ. നിർമ്മല രവീന്ദ്രൻ, ബീന ശ്രീനാരായണ, സന്ധ്യ വിശ്വംഭരൻ, ശോഭന രാമകൃഷ്ണൻ, ലീന സലിം, ആർ.വിനോദ് ബാബു, പി.അരുൺ, എൻ. ജ്യോതിപ്രകാശ്, മുരളീധരൻ വിദ്യാധരൻ എന്നിവർക്കും ആത്മാർത്ഥമായി രംഗത്തുണ്ടായിരുന്ന തട്ടുകടയ്ക്കും സീലാൻസിനും പ്രത്യേകം നന്ദി.

**ഗുരുജയന്തി ആഘോഷം**

നമ്മുടെ പേട്രൺ ആയ ബഹുമാനപ്പെട്ട എം.പി സ്റ്റീഫൻ ടിംസ് ആയിരുന്നു ഗുരുജയന്തി ആഘോഷത്തിന്റെ ഉദ്ഘാടകൻ. അഡ്വ. രാമദാസ്, പി.കെ. വിദ്യാദധരൻ, കിരൺ (യുവജന പ്രതിനിധി) എന്നിവരും പ്രസംഗിച്ചു. പ്രായോഗിക ജീവിതത്തിൽ ഗുരു പ്രബോധ

നങ്ങളുടെ പ്രസക്തി എല്ലാവരും ഊന്നി പറഞ്ഞു. മിഷൻ പ്രസിഡന്റ് ജി. ശശികുമാർ സ്വാഗതം ആശംസിച്ചു. നന്ദിപ്രകടനത്തോടെ ജനറൽ സെക്രട്ടറി സി.വി. വിജയൻ ചടങ്ങുകൾക്ക് സമാപനം കുറിച്ചു.

പരിപാടികൾ ഗംഭീരമാക്കി മാറ്റിയതിന് പൊതുജനങ്ങൾ, അഭ്യുദയകാംക്ഷികൾ, ഗുരു ഭക്തർ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു. ശശി. എസ് കുളമട സംവിധാനം ചെയ്ത് മഹാകവിയും, ഗുരുവിന്റെ പ്രിയ ശിഷ്യനുമായിരുന്ന കുമാരനാശാൻ, കാഥികൻ സാംബശിവൻ, എന്നിവർക്ക് ശ്രദ്ധാഞ്ജലിയർപ്പിച്ചുകൊണ്ട് അവതരിപ്പിച്ച 'സ്നേഹഗായകൻ' എന്ന സംഗീത നാടകം കലാസന്ധ്യയെ മനോഹരമാക്കി. 'നവരസ ഡാൻസ് അക്കാദമി'യുടെ കലാപ്രകടനം നമ്മുടെ സ്വന്തം പ്രതിഭകൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ തുടങ്ങിയവയും ഹൃദ്യമായിരുന്നു. ഗുരുജയന്തി ആഘോഷത്തിൽ സജീവമായി പങ്കെടുത്ത മിസ്റ്റർ ഗോമസിന് പ്രത്യേകം നന്ദി. അസ്ലാം(യെസിസ് സൗണ്ട്) ശശി എസ്. കുളമട എന്നിവർക്ക് പരിപാടികൾ ഭംഗിയാക്കാൻ സഹകരിച്ചതിന്റെ പേരിൽ അകമഴിഞ്ഞ നന്ദി. എസ്. എൻ.ജിയ്ക്ക് പ്രത്യേക ആദരവ് നൽകി. എല്ലാ പരിപായികളുടേയും വിജയത്തിനായി അഹോരാത്രം അധ്വാനിച്ച മിസ് തീർത്ഥാ ബൈജുവിന് സ്പെഷ്യൽ ജൂറി അവാർഡും സമ്മാനിച്ചു. മിഷന്റെ സമീപകാല ചരിത്രം തിരുത്തിക്കുറിച്ചുകൊണ്ട് ഗുരുജയന്തി, ഓണസദ്യ നടത്തിപ്പിന്റെ ഭാഗമായുള്ള ധനസമാഹാരണം ഗംഭീര വിജയമാക്കിയതിന് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ അകമഴിഞ്ഞ പരിശ്രമം കൊണ്ടുണ്ടായതാണെന്ന കാര്യം നന്ദിയോടെ പരാമർശിക്കുന്നു.

താഴെപ്പറയുന്ന സ്പോൺസർമാർക്ക് പ്രത്യേകം നന്ദി:

1. സൗണ്ട് സിസ്റ്റം: ജോയ് ആലൂക്കാസ്(അപ്ടോൺ പാർക്ക്)
2. ലൈറ്റിങ്: ശാന്ത വിശ്വംഭരൻ (പാലംകോണം വിശ്വംഭരൻ അനുസ്മരണാർത്ഥം)
3. ഡ്രാമ: സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ(ഈസ്റ്റ്ഹാം), സദാശിവൻ
4. എഡ്യൂക്കേഷൻ അവാർഡ്സ്: മോഹൻ നാരായണൻ, വി.കെ നാരായണൻ അനുസ്മരണാർത്ഥം, ശ്രീകുമാർ ഭാസ്കരൻ, സജീവ് സദാശിവൻ, പുഷ്പ്പമ്മ ഗോപാലൻ ഗോപാലൻ അനുസ്മരണാർത്ഥം
5.സ്റ്റേജ് സെറ്റിങ്ങ്സ്: ഡോ. സ്.എസ് ജയകുമാർ, ജയൻ(വെംബ്ലി)
6. വീഡിയോ: ഷെറിൻ
7. റഫിൾ ടിക്കറ്റ് പ്രൈസ്: ശശി നായർ(നെയിൽ ട്രാവൽസ്), തട്ടുകട, ഗീർ ഫാർമസി

ഈ വർഷത്തെ ഗുരുജയന്തി ആഘോഷം വിജയിപ്പിക്കാൻ ഉദാരമായി സംഭാവന ചെയ്ത എല്ലാവർക്കും ആത്മാർത്ഥമായ നന്ദി.

**സമ്മർട്രിപ്പുകൾ**

ഈ വർഷം നമ്മൾ വിജയകരമായ രണ്ട് ട്രിപ്പുകൾ നടത്തി. 2013 ജൂലൈ 21 ന് ഈസ്റ്റ്ഹാളിൽ നിന്ന് ബ്രൈറ്റണിലേക്കും ഓഗസ്റ്റ് 31 ന് ക്രോയ്ഡണിൽ നിന്ന് പോർട്സ്മൗത്തിലേക്കും. ആദ്യത്തേതിൽ 147 പേരും രണ്ടാമത്തേതിൽ 49 പേരും പങ്കെടുത്തു. പങ്കെടുത്ത ഏവർക്കും നന്ദി. രണ്ട് സെന്ററുകൾക്കും വേണ്ടി കോച്ച് ബുക്ക് ചെയ്തതിനും ഈസ്റ്റ്ഹാൾ ട്രിപ്പ് നേതൃത്വം നൽകിയതിനും ബീന പുഷ്കാസിന് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

3.3 **ക്രിസ്തുമസ് ആഘോഷവും കുട്ടികളുടെ ക്രിസ്തുമസ് പാർട്ടികളും**

ഇത്തവണ കുട്ടികളുടേതായി രണ്ട് ക്രിസ്തുമസ് പാർട്ടികൾ നടത്തി. വിവിധ പ്രായക്കാരുടേതായി വേറെ രണ്ട് പാർട്ടികളും ഉണ്ടായിരുന്നു.

3.3.1 **ക്രോയ്ഡോണിലെ കുട്ടികളുടെ ക്രിസ്തുമസ് പാർട്ടി**

ക്രോയ്ഡോൺ മെത്തഡിസ്റ്റ് പള്ളിയിൽ 2013 ഡിസംബർ 14 ന് കുട്ടികളുടെ ക്രിസ്തുമസ് പാർട്ടി നടത്തി. വൈകുന്നേരം അഞ്ചിന് ഗുരു പ്രാർത്ഥനയ്ക്ക് ശേഷം ക്രിസ്തുമസ് കരോൾ ഉണ്ടായിരുന്നു ഡി.ജെയോടെയും മ്യൂസിക്, വിവിധ ഗെയിമുകൾ എന്നിവ ആസ്വാദകരമായിരുന്നു. മാജിക്ഷോയും രസകരമായി. സ്റാറാർട്ടറും മെയിനും സഹിതം ഫുൾ കോഴ്സ് സദ്യ ഓരോർത്തർക്കും നൽകി. 9.30 ന് സാന്താക്ലോസ് കുട്ടികൾക്കെല്ലാം സമ്മാനങ്ങൾ നൽകിയതിനു ശേഷം ചടങ്ങുകൾക്ക് തിരശ്ശീല വീണു.

താഴെപ്പറയുന്ന സ്പോൺസർമാർക്ക് നന്ദി:

സുരേഷ് ധർമ്മരാജൻ, മുരളീധരൻ വിദ്യാധരൻ, ജോഷി, ശശികുമാർ, പരിഷ് ഭാസി, സജീവ് ശ്രീദേവി ധർമ്മരാജൻ, വിലാസിനി കരുണാകരൻ, ദമയന്തി, ജയകുമാർ, വിനോദ് ബാബു.

കഴിഞ്ഞ കുറേ വർഷങ്ങളായി ഡി.ജെ അവതാരകനായ ഷിബു ജയകുമാറിനേയും നന്ദിയോടെ പരാമർശിക്കുന്നു. മുഖ്യ വിരുന്ന് സ്പോൺസർ ചെയ്ത ക്രോയ്ഡൺ 212 ലണ്ടൻ റോഡിലെ സ്പൈസ് ലാന്റിന് പ്രത്യേകം കൃതജ്ഞത രേഖപ്പെടുത്തുന്നു. കോഡിനേറ്റർമാരായിരുന്ന ജോഷ് പ്രകാശിനും, അനീഷ് രാംസിങിനും പരിപാടികൾ ഗംഭീരമാക്കാൻ യത്നിച്ച ഇതര വോളന്റിയർമാർ ഉൾപ്പെടെ എല്ലാവർക്കും നന്ദി.

3.3.2 **ഈസ്റ്റ്ഹാം**

സതീഷ് കുമാറിന്റെ സമർത്ഥമായ മേൽനോട്ടത്തിൽ ഡിസംബർ 21 നായിരുന്നു കുട്ടികളുടെ പാർട്ടി. വിനോദവും, ഗെയിമുകളും, വിവിധ കലാപരിപാടികളും ഒട്ടേറെയുണ്ടായിരുന്നു. ഇതര കമ്യൂണിറ്റികളിൽ നിന്ന് ധാരാളം പേർ പങ്കെടുക്കാനായെത്തി. പാർട്ടി കൂടുതൽ ഗംഭീരമാകാൻ ഇതും കാരണമായി. പരിപാടികൾ ഉജ്വലമാക്കാൻ നേതൃത്വം നൽകിയ ശ്രീമതി ലീന സലിമിന്റെ സേവനം അതുല്യമായിരുന്നു.

ഡിസംബർ 22–ന് ക്രിസ്തുമസ് നവവത്സര ആഘോഷം നടത്തി. വൈകുന്നേരം 3.30–ന് പ്രസിഡന്റിന്റെ സ്വാഗതപ്രസംഗത്തോടെ ആരംഭിച്ച പരിപാടികൾ 8.30–ന് ജനറൽ സെക്രട്ടറിയുടെ നന്ദി പ്രകടനത്തോടെ പര്യവസാനിച്ചു. വിനോദവും കലാപരിപാടികളും ഉൾപ്പെട്ട ചടങ്ങുകൾ സഹർഷം ആസ്വദിക്കാൻ വലിയൊരു ജനക്കൂട്ടം തന്നുണ്ടായിരുന്നു. സെന്റ് പീറ്റർ മാർത്തോമ കൊയർ ആണ് ക്രിസ്തുമസ് കരോൾ അവതരിപ്പിച്ചത്. വുമൺസ് ഫോറം അംഗങ്ങൾ ‘ഭംഗ്ര’ നൃത്തമവതരിപ്പിച്ചു. ക്രിസ്തു വചനങ്ങളോട് സാമ്യമുള്ള പ്രബോധനങ്ങളാണ് ഗുരുവിന്റേതെന്നു ചൂണ്ടിക്കാണിച്ചുകൊണ്ടുള്ളതായിരുന്നു യൂത്ത് ഫോറത്തിന്റെ പ്രസംഗം. മിഷൻ ആർട്സ് ഗ്രൂപ്പ് അവതരിപ്പിച്ച സ്കിറ്റ് ചടങ്ങുകളിലെ ശ്രദ്ധേയ ഇനമായി.

ഈസ്റ്റ്ഹാമിലെ തട്ടുകട സ്പോൺസർ ചെയ്ത വിഭവ സമൃദ്ധമായ ക്രിസ്തുമസ് ഡിന്നറിന്റെ പേരിൽ പ്രത്യേകം നന്ദി. പരിപാടികൾ ഭംഗിയാക്കിയതിന് എല്ലാ കലാകാരന്മാർക്കും, കലാകാരികൾക്കും മറ്റെല്ലാവർക്കും കൃതജ്ഞത രേഖപ്പെടുത്തുന്നു.

3.3.3 **സൗത്ത്ഹാൾ**

മുൻ വർഷങ്ങളിടെപ്പോലെ ഡിസംബർ 21–ന് ശനിയാഴ്ച സൗത്ത്ഹാളിൽ ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. പ്രൊഫഷണൽ ക്ലാസിക്കൽ ഡാൻസറായ സന്തോഷ് നായരുടെ നൃത്തകലാപ്രകടനവും ഹൈ വൈക്കോണിലെ അജിത് കുമാറും സംഘവും അവതരിപ്പിച്ച ഗാനമേളയും മികവുറ്റതായിരുന്നു. കുട്ടികളും മുതിർന്നവരും പങ്കെടുത്ത വിവിധ കലാപ്രകടനങ്ങളും ആസ്വാദകരമായി. ക്രിസ്തുമസ് അപ്പൂപ്പൻ കുട്ടികളെ ഏറെ രസിപ്പിച്ചു. 90 പേർ പങ്കെടുത്ത സൗത്ത്ഹാൾ ആഘോഷത്തിൽ ‘കസാ–ടെക്’ എം.ഡി ജോയ് സത്യവാൻ ആണ് കുട്ടികളുടെ സമ്മാനങ്ങൾ സ്പോൺസർ ചെയ്തത്. ഈ വർഷത്തെ ക്രിസ്തുമസ് പാർട്ടി ഏറ്റവും ഉജ്വലമാക്കിയതിന് എല്ലാ കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും നന്ദി.

3.4 **സ്കൂൾ അഡ്മിഷന് എസ്.എന്.ജി.എമ്മിന്റെ സപ്പോർട്ട് ലെറ്റർ**

ഫെയിത്ത് സ്കൂളുകളിലേക്കുള്ള പ്രവേശനത്തിന് ഒട്ടേറെ കുട്ടികൾക്ക് മിഷൻ റഫറൻസ് ലെറ്ററുകൾ നൽകുകയുണ്ടായി.

3 .5 **ചരമം**

താഴെപ്പറയുന്ന പ്രിയപ്പെട്ട അംഗങ്ങളുടെ ദേഹവിയോഗ വാർത്ത അതീവ ദുഃഖത്തോടെ അറിയിക്കുന്നു.

1. പി.കെ. വിശ്വാനന്ദൻ (23 ലാതം റോഡ്, ലണ്ടൻ ഇ6)

സോഷ്യൽ സെക്രട്ടറി, മെമ്പർഷിപ്പ് സെക്രട്ടറി, കമ്മിറ്റി മെമ്പർ എന്നീ നിലകളിൽ മിഷന്റെ ആദ്യകാല പ്രവർത്തനത്തിൽ ഉണ്ടായിരുന്ന ശ്രീ വിശ്വാനന്ദൻ ഏറ്റവും പ്രതിബദ്ധത പുലർത്തിയിരുന്ന കഠിനധ്വാനിയായിരുന്നു.

2. ശ്രീമതി ശാന്തകുമാരി ഗോപിനാഥൻ (18, നോർത്ത് കോട്ട് റോഡ്, ക്രോയിഡൺ)

ക്രോയിഡണിലെ പ്രാർത്ഥനാ യോഗങ്ങളിൽ സഹകരിച്ചിരുന്ന ശാന്തകുമാരി മിഷന്റെ സജീവ പ്രവർത്തകയായിരുന്നു.

നമ്മെ വിട്ടുപിരിഞ്ഞ മറ്റുള്ളവർ :

ജെ.എഫ്. ആന്റണി, 23 Charnock Road, London E5

അശോകൻ രാജപ്പൻ, Asokan Rajappan, Becton E6

രാഘവൻ നാണു, 24 Hartington Road, Southall

ജി. മാധവൻ, 29 Navarre Road, East Ham

എൻ. സദാശിവൻ, 8 Dalcross Road, Hounslow

വി. നാരായണൻ, 8 Doran Court, East Ham

തുളസീധരൻ ഡി., 91 Pendoven Road, Croydon

വി. വാസുദേവൻ, 46 East Avenue, Oxford

ശിശുപാലൻ, 16 Elizabeth Road, Eastham E6

വരദരാജൻ, 96 Caledon Road, Eastham E6

4. **എഡിറ്റോറിയൽ ബോർഡ്**

ചെയർപേഴ്സൺ : ആർ. വിനോദ് ബാബു, വൈസ്ചെയ: ജീവൻജ്യോതി പ്രകാശ്

സബ് കമ്മറ്റി മെമ്പർമാർ : ബൈജു ശാന്തശീലൻ, സനൽ മാധവൻ, മുരളീധരൻ വിദ്യാധരൻ, ഗിരിധരൻ വിദ്യാധരൻ, പ്രിയവ്രതൻ സത്യവ്രതൻ.മിഷനുവേണ്ടിയുള്ള രേഖകൾ, പരസ്യങ്ങൾ, വാർത്താക്കുറിപ്പുകൾ, ലഘു പുസ്തകങ്ങൾ തുടങ്ങി എല്ലാപ്രസിദ്ധീകരണങ്ങളുടെയും എഡിറ്റിംഗ് ചുമതലയാണ് എഡിറ്റോറിയൽ ബോർഡിന്റേത്. ലോകവ്യാപകമായി ഗുരുദേവ പ്രബോധനം പ്രചരിപ്പിക്കാനുള്ള നമ്മുടെ ഏറ്റവും ഫലപ്രദമായ സംവിധാനങ്ങളിലൊന്നാണ് ০০০.ഠിഴാ.ീൃഴ എന്ന നമ്മുടെ വെബ്സൈറ്റ്. വെബ്മാസ്റ്റർ പ്രിയവ്രതന്റെ സഹായത്തോടെയാണ് നമ്മുടെ എഡിറ്റോറിയൽ ബോർഡംഗങ്ങൾ വെബ്സൈറ്റിന്റെ അപ്ഡേഷൻ നടത്തിയിരുന്നത്. ചരിത്രം, സംഭവങ്ങളുടെ പട്ടിക, സെമിനാറുകൾ, പ്രഭാഷണങ്ങൾ, ഫോട്ടോകൾ, വീഡിയോ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് വെബ്സൈറ്റ് പരിഷ്കരിക്കുന്നതിനുള്ള നീക്കം നടന്നുകൊണ്ടിരിക്കുന്നു.

മിഷന്റെ പ്രവർത്തനം കൂടുതൽ വ്യാപകമാക്കിക്കൊണ്ട് ഫെയ്സ്ബുക്ക് അക്കൗണ്ട് തുറക്കാനായതും മറ്റൊരു നാഴികക്കല്ലായി. നമ്മുടെ സംഭവങ്ങളും ഇതര സേവനങ്ങളും കൂടുതൽ പിന്തുണയോടെ ഫലപ്രദമാക്കാൻ ഇതുപകരിക്കുന്നു. ഏതാനും മാസങ്ങളായി സജീവമാണീ പ്രക്രിയ. നാലുമാസത്തിനുള്ളിൽ ഏഴ് രാജ്യങ്ങളിൽ നിന്ന് 700 സന്ദർശകരുണ്ടായി.

5. **നയരൂപീകരണവും ആസൂത്രണവും.**

ചെയർ പേഴ്സൺ : മുരളീധരൻ വിദ്യാധരൻ

വൈസ് ചെയ: 1. സുരേഷ് ധർമ്മരാജൻ, 2. എസ്. ജയപ്രകാശ്

സബ്കമ്മറ്റി അംഗങ്ങൾ : ബൈജു ശാന്തശീലൻ, ഗിരിധരൻ വിദ്യാധരൻ, ആർ. വിനോദ് ബാബു, ടി.ജി. ശശിധരൻ, വൽസമ്മ തങ്കപ്പൻ, ജ്യോതി പ്രകാശ് എൻ., ബീന ശ്രീനാരായണ, കെ. സതീഷ് കുമാർ, ബി. ശ്രീകുമാർ.

കഴിഞ്ഞ വാർഷിക പൊതുയോഗം നടക്കാനുണ്ടായ കാലതാമസം മൂലം ഈ കമ്മറ്റിക്ക് 2013–ൽ അവസാനത്തെ ആറുമാസമേ പ്രവർത്തിക്കാൻ കഴിഞ്ഞുള്ളൂ. ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലാണ് കാര്യപരിപാടികളെല്ലാം നടക്കുന്നതെന്നതുകൊണ്ട് ഒക്ടോബർ വരെ നയരൂപീകരണ ഉപസമിതിക്ക് യോഗം ചേരാൻ കഴിഞ്ഞില്ല. അടിയന്തിര പരിഗണന അർഹിക്കുന്ന ഏതാനും വിഷയങ്ങളുണ്ടായിരുന്നു. അവയുടെ പരിഹാരത്തിനാണ് പ്രാഥമിക താൽപര്യമെടുത്തത്. വിവരങ്ങൾ താഴെ :

- കഴിഞ്ഞ കുറെ വർഷങ്ങളായി നടത്തിയ ഭരണഘടനാ ഭേദഗതികൾ ചാരിറ്റി കമ്മീഷന് സമർപ്പിച്ചിരുന്നില്ലെന്ന കാര്യം വ്യക്തമായി. അതു പരിഹരിച്ചു.
- ഏതാനും വർഷം മുമ്പ് ട്രസ്റ്റി ഭേതഗതി വരുത്തിയെങ്കിലും ലാൻഡ് രജിസ്ട്രി ഡിപ്പാർട്ട്മെന്റുകൾ രജിസ്റ്റർ ചെയ്തിരുന്നില്ല. ഇത് സംബന്ധിച്ച നടപടികൾ ഊർജിതമാക്കി.

• ക്രോയ്ഡണിൽ ഒരു മന്ദിരം സ്വന്തമാക്കാനുള്ള ആസൂത്രണം കാര്യക്ഷമമാക്കി. അതിന് മുന്തിയ പ്രാധാന്യം നൽകാൻ ധാരണയായി. ഇതിനുവേണ്ടി പുതിയ മന്ദിരം സബ്കമ്മിറ്റിക്കു രൂപം നൽകാൻധാരണയായി. ഇതുമായി ബന്ധപ്പെട്ട ധനസമാഹരണത്തിനും തീരുമാനമെടുത്തു.

• മുമ്പ് അവഗണിക്കപ്പെട്ട വാർഷിക വരിസംഖ്യാ പിരിവും 'ടിൻ' പിരിവ് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ ധാരണയായി.

• മിഷന്റെ വെബ്സൈറ്റ് പരിഷ്ക്കരിക്കാൻ മാർഗനിർദ്ദേശങ്ങൾക്ക് രൂപം നൽകി. ഫേസ്ബുക്ക് പേജ് തുടങ്ങാനും തീരുമാനിച്ചു.

• പ്രവർത്തനകാലയളവിലുടനീളം മിഷന്റെ പരിപാടികൾ പ്രൊഫഷണൽ ശൈലിയിലും നിയമവിധേയമായും നടത്താൻ ഉപദേശവും മാർഗ നിർദ്ദേശവും നൽകി.

• 1997 ൽ രൂപം നൽകിയ നയരേഖ പുനർജീവിപ്പിക്കാനും കാലാനുസൃതമായി പരിഷ്ക്കരിക്കാനും തീരുമാനിച്ചു. ഹ്രസ്വ, മാധ്യമ, ദീർഘകാല ദർശനവും ലക്ഷ്യവും അടിസ്ഥാനമാക്കിയുള്ള ആസൂത്രണത്തിന് ഇത് മാർഗ്ഗദർശനമാകും.

• ഇക്കാര്യങ്ങൾ അടുത്ത കമ്മിറ്റി പരിഗണനയ്ക്കെടുക്കുകയും മുന്നോട്ട് കൊണ്ടുപോവുകയും ആവശ്യമായ ഇതര കാര്യങ്ങൾ ശ്രദ്ധിച്ചു നടപ്പിലാക്കാൻ നടപടിയെടുക്കുകയും വേണം.

6. **മിഷൻ മന്ദിരം (ക്രോയ്ഡൺ പ്രോജക്ട്)**

ചെയർപേഴ്സൻ – പി.വി. വിജയൻ (ജനറൽ സെക്രട്ടറി)

മാനേജേസ് – 1. ഫിനാൻസ് മാനേജർ – സജീവ് സദാനന്ദൻ(ട്രഷറർ) 2. പ്ലാനിംഗ് ആന്റ് ഇംപ്ലിമെന്റേഷൻ മനേജർ – മുരളീധരൻ വിദ്യാധരൻ.

അസ്സി. മാനേജേസ് – 1. സുരേഷ് ധർമ്മരാജൻ 2. ബാജു ശാന്തശീലൻ

ടീം ലീഡേഴ്സ് – 1. ടി.കിഷോർകുമാർ, 2. ഗോപാലകൃഷ്ണൻ, 3. ആർ. വിനോദ് ബാബു, 4. സുരേഷ് കുമാർ, 5. കെ. തങ്കരാജ്

നമ്മുടെ ക്രോയ്ഡൺ സെന്ററിനു വേണ്ടി ഒരു മന്ദിരം സ്വന്തമാക്കാൻ കഴിഞ്ഞ മൂന്നു വർഷമായി നാം കഠിന പരിശ്രമത്തിലായിരുന്നു. മുൻകൂട്ടി കാണാൻ കഴിയാതിരുന്ന കാരണങ്ങളാൽ ലക്ഷ്യത്തിലെത്താൻ നമുക്ക് കഴിയില്ല. നമ്മുടെ ഐക്യത്തിനും ക്ഷതം സംഭവിച്ചു. 2013 ജൂലൈയിൽ നമ്മുടെ കമ്മിറ്റി സ്ഥാനമേറ്റശേഷം പരാജയത്തിന്റെ കാരണങ്ങളെപ്പറ്റി പഠനം നടത്തി. മന്ദിരത്തിനായുള്ള ചിരകാലാഭിലാഷം വൈകാതെ യാഥാർത്ഥ്യമാക്കാൻ ഇനിയൊരു മന്ദിരം കമ്മിറ്റിക്കു രൂപം നൽകുകയും മിഷന്റെ നിലവിലത്തെ സാമ്പത്തിക സ്ഥിതിക്കു ഹാനികരമാകാതെ ഏറ്റവും ചുരുങ്ങിയ 'റിസ്ക്' മാത്രമെടുത്ത് നിയമവിധേയമായി പദ്ധതി നടപ്പാക്കാനും അതിനുവേണ്ടി ധനസമാഹരണം നടത്താനുള്ള വിവിധ സാധ്യതകൾ ഈ കമ്മിറ്റി ആരാഞ്ഞുകൊണ്ടിരിക്കുന്നു. എല്ലാറ്റിനും ഉപരിയായി ക്രോയ്ഡൺൻ മെമ്പർമാരുടെ പൂർണമായ സഹകരണം ഈ പദ്ധതിയുടെ പുരോഗതിക്ക് നാം പ്രതീക്ഷിക്കുന്നു. ഏതാനും സ്ഥലങ്ങൾ നമ്മൾ സന്ദർശിച്ചെങ്കിലും അവയൊന്നും തന്നെ അനുയോജ്യമായി തോന്നിയില്ല. ക്രോയ്ഡൺ പദ്ധതിക്ക് മുന്തിയ പരിഗണനയും പ്രാധാന്യവുമാണ് നമ്മൾ നൽകുന്നതെങ്കിലും താഴെപ്പറയുന്ന പ്രതിബന്ധങ്ങളുള്ളതായി വിലയിരുത്തലുണ്ട്.

• രണ്ട് വർഷം മുമ്പ് തിരഞ്ഞെടുക്കപ്പെട്ട ട്രസ്റ്റിയുടെ രജിസ്ട്രേഷൻ ലാൻഡ് രജിസ്ട്രിയിൽ നടത്തിയിട്ടില്ല.

• 2010 നു ശേഷമുള്ള ഭരണഘടമാ ഭേതഗതികൾ ചാരിറ്റി കമ്മിഷനെ അറിയിച്ചിട്ടില്ല. മിഷന്റെ പഴയ ഭാരവാഹികളിൽ ചിലർ ചേർന്ന് ക്രോയ്ഡണിൽ പുതിയ സംഘടനയ്ക്ക് രൂപം നൽകിയത് ക്രോയ്ഡൺ മെമ്പർമാർക്കിടയിൽ ചിന്താക്കുഴപ്പത്തിനിടയാകുകയും ധനസമാഹരണത്തിനും പദ്ധതിക്കും ഇത് വിനയാവുകയും ചെയ്തു.

• മുൻ ഭാരവാഹിയിൽ നിന്ന് മന്ദിര ഫണ്ടിനുള്ള സംഭാവന വാഗ്ദാന ലിസ്റ്റ് യഥാസമയം യഥോചിതം ലഭ്യമാകാതിരുന്നതും വൈഷമ്യത്തിനിടയാക്കി.
ക്രോയ്ഡണിൽ ഒരു മന്ദിരം സ്വന്തമാക്കാനുള്ള നമ്മുടെ ലക്ഷ്യം കൃത്യമായി നിറവേറ്റാനുള്ള എല്ലാ ഉദ്യമങ്ങളുമാണ് ഇപ്പോഴത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി നടത്തിക്കൊണ്ടിരിക്കുന്നു.

7. **ബിൽഡിങ്ങ് മാനേജ്മെന്റ്**
ചെയർപേഴ്സൺ: ബി.ബി ശ്രീകുമാർ
വൈസ്–ചെയർപേഴ്സൺ: ജ്യോതിപ്രകാശൻ എൻ
സബ് കമ്മിറ്റി മെമ്പേഴ്സ്: വത്സമ്മ തങ്കപ്പൻ, ടി.ജി. ശശിധരൻ, ശശിരാജൻ, ജി. സുരേഷ്കുമാർ

പെയിന്റിംഗ്, റിപ്പയറിംഗ്, ക്ലീനിംഗ് തുടങ്ങിയ ജോലികൾ നിർവഹിച്ചുകൊണ്ട് മിഷൻ മന്ദിരം ഈ വ്ഷം സുരക്ഷിതമായി അറ്റകുറ്റപ്പണികൾ നടത്തി നമ്മുടെ പ്രവർത്തനങ്ങലും സേവനങ്ങളും വളരെ ഊർജ്ജിതമാക്കാൻ ഇതുപകരിക്കും. പ്രിമൈസസ് മാനേജർമാരായ ജയദേവനും, ജി. സുരേഷ്കുമാറുമാണ് മന്ദിരത്തിന്റെ അനുദിന കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്. അവരുടെ അമൂല്യ സേവനത്തിൽ നമ്മൾ നന്ദിയുള്ളവരാണ്.

വരുമാനത്തിന് നമ്മൾ അങ്ങേയറ്റം ബുദ്ധിമുട്ടുകയാണ്. അതുകൊണ്ടാണ് പ്രാർത്ഥനാ മുറി എക്സ്റ്റൻഷൻ ഡബിൾ ഗ്ലേസിംഗ്, സെക്യൂരിറ്റി അലാം സംവിധാനം തുടങ്ങി എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശിച്ച പ്രധാന പദ്ധതികൾ പലതും അപൂർവ്വമായവ ശേഷിക്കുന്നത്. എങ്കിലും താഴെപ്പറയുന്ന ദീർഘകാല മുതൽ മുടക്ക് ആവശ്യമായ അറ്റകുറ്റ പണികളും നവീകരണ പ്രവർത്തനങ്ങളും മുന്നോട്ട് കൊണ്ടുപോകണമെന്ന് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് കാര്യങ്ങൾ പുരോഗമിച്ചു വരുന്നു.

- പുതിയ ലൈറ്റ് സൗണ്ട് സംവിധാനങ്ങൾ സഹിതമുള്ള സ്റ്റേജ് മെയിന്റനൻസ്
- കോൺഫറൻസ് റൂം മെയിന്റെനൻസ്
- പുതിയ സിസിറ്റിവി റഎക്കോഡിംഗ് സിസ്റ്റം.
- മെയിൻ കംപ്യൂട്ടർ സിസ്റ്റം

**അഗ്നിബാധ തടയൽ: അടിയന്തിരമായി ആളെയൊഴിപ്പിക്കൽ**

മിഷന്റെ നിലവിലുള്ള സജ്ജീകരണങ്ങളും പ്രക്രിയകളും സംബന്ധിച്ച് മുൻ വർഷങ്ങളിലെ പോലെ ഈ വർഷവും പരിശോധനകൾ നടത്തി. ഫയർ പ്രൊട്ടക്ഷൻ– സേഫ്റ്റി സംബന്ധിച്ച് ബിൽഡിംഗ് കമ്മിറ്റി അംഗങ്ങളായ ജോസ് വിശ്വംബരൻ, ജി.സുരേഷ് കുമാറിനും പരിശീലനം ലഭ്യമാക്കി. അവർ നമ്മുടെ സംവിധാനങ്ങൾ നിരീക്ഷിച്ചു വരുന്നുണ്ട്. ജനറൽ സെക്രട്ടറി പി.വി വിജയനും, ബി.ബി ശ്രീകുമാറും പൂർണ്ണ പരിശീലനം ലഭിച്ച ഫസ്റ്റ് എയഡർമാരാണ്. ഫയർ ഡ്രിൽ തുടങ്ങിയവയുമായി എങ്ങനെ സഹകരിക്കണമെന്ന് മറ്റുള്ളവരേയും നാം പ്രോത്സാഹിപ്പിച്ചു. ഇക്കാലയളവിൽ യാതൊരുവിധ അപകടങ്ങളോ, അനിഷ്ട സംഭവങ്ങളോ ഉണ്ടായില്ല.

**ആരോഗ്യം, സുരക്ഷ, പരിസ്ഥിതി:**

താപനില സംബന്ധിച്ച പതിവ് പരാതികൾക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞു. നമ്മുടെ പരിസരങ്ങൾ വൃത്തിയും വെടിപ്പായും സൂക്ഷിക്കാൻ ക്രമമായുള്ള ക്ലീനങ്ങ് നടത്തിവരുന്നു. നിരന്തരമായ ക്ലീനിംഗും ഹൗസ് കീപ്പിംഗും ഉറപ്പാക്കാൻ കർശന പരിശോധന നടത്തുന്നുണ്ട്.

**സെക്യൂരിറ്റി സിസ്റ്റം**

2009 മാർച്ച് 1 മുതൽ സിസി ടിവി റെക്കോർഡിംഗ് നടന്നുവരുന്നു. കുറ്റകൃത്യങ്ങൾ തടയാൻ ഇതുപകരിക്കും.

7.1 **മന്ദിരത്തിലെ പ്രവർത്തന സമയം**

സാധാരണ ദിവസങ്ങൾ : രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ.
വൈകീട്ട് 5.30 മുതൽ 7.30 വരെ.

ശനിയാഴ്ചകൾ :
എഡ്യൂക്കേഷൻ സെന്ററിനുവേണ്ടി രാവിലെ 9 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ.
പ്രതിദിന പ്രാർത്ഥനയ്ക്ക് വേണ്ടി വൈകീട്ട് 5.30 മുതൽ 7.30 വരെ.
ഞായറാഴ്ചകൾ : ഉച്ചകഴിഞ്ഞ് 2.30 മുതൽ വൈകീട്ട് 7.30 വരെ
വനിതാഫോറത്തിന്റെ പ്രത്യേക പ്രാർത്ഥനായോഗത്തിനുവേണ്ടി എല്ലാ മാസവും അവസാന ഞായറാഴ്ചകളിൽ രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12 മണി വരെ.

7.2 **ഹാൾ വാടകയ്ക്ക് നൽകൽ**

7.3 2013–ൽ ഹാൾ വാടക മണിക്കൂറിന് 30 പൗണ്ട് ആയി നിശ്ചയിച്ചിരുന്നു. ടിജിഡബ്ലിയുയുവിന്റെ റിട്ടയർ ചെയ്ത അംഗങ്ങൾക്ക് 30% ഇളവ് നൽകി. മന്ദിരത്തിൽ മദ്യം, പുകവലി, മയക്കുമരുന്ന്, മാംസാഹാരം എന്നിവയ്ക്ക് പരിശോധനയുണ്ട്. എല്ലാ മാസവും അവസാന ശനിയാഴ്ച സായാഹ്നങ്ങൾ ആത്മപൂജ ഗ്രൂപ്പ് ബുക്ക്ചെയ്തിട്ടുണ്ട്.

8.0 **സാമ്പത്തികരംഗം**

ചെയർപേഴ്സൻ: ബൈജു ശാന്തശീലൻ

വൈസ്–ചെയർമാൻ: സജീവ് സദാനന്ദൻ

സബ്കമ്മിറ്റി അംഗങ്ങൾ: ബീന ശ്രീനാരായണൻ, ബിനോയ്ലാൽ പിള്ള, ആർ. വിനോദ് ബാബു, മുരളീധരൻ വിദ്യാധരൻ, ജി. വിനോദ്കുമാർ

നിലവിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നേതൃത്വത്തിൽ മറ്റ് സബ്കമ്മിറ്റികളുമായി ചേർന്നാണ് ഫിനാൻസ് കമ്മിറ്റി പ്രവർത്തിച്ചത്. എല്ലാ പരിപാടികളിൽ നിന്നും ഭേദപ്പെട്ട സാമ്പത്തികനേട്ടം കമ്മിറ്റി ഉറപ്പാക്കി. ഇതിൽ ഫണ്ട് കളക്ഷൻ, സ്പോൺസർഷിപ്പ് എല്ലാ സെന്ററുകളിലും ഗുരുജയന്തിയാഘോഷം, ഓണസദ്യ, ക്രിസ്തുമസ് ആഘോഷം എന്നിവയുമായി ബന്ധപ്പെട്ട സംഭാവനകൾ എന്നിവ ഉൾപ്പെടുന്നു. എല്ലാ സേവനങ്ങളും പ്രവർത്തനങ്ങളുമായി ബന്ധമുള്ള സാമ്പത്തിക വിഷയങ്ങളുടേയും അവലോകനം കൃത്യമായി നടത്തിയിരുന്നു അംഗത്വഫീസ് പിരിവിന്റെ കാര്യങ്ങൾ പ്രത്യേക ഉത്സാഹം കാട്ടി. അംഗങ്ങൾ ഗൗരവമായി ഉൾക്കൊള്ളുകയും ആ ഉദ്യമം വിജയകരമാവുകയും ചെയ്തു.

ക്രോയിഡണിൽ മിഷന് സ്വന്തം മന്ദിരം യാഥാർത്ഥ്യമാക്കാനുള്ള പദ്ധതിയാണ് മറ്റൊരു പ്രധാനയിനം. ഇതിനുള്ള എല്ലാ വിധ സാധ്യതകളും ആരായാൻ പുറത്തുള്ള ഒരു കൺസസൾട്ടന്റുമായി ചേർന്നുള്ള ഒരു പ്രവർത്തനത്തിന് തുടക്കമിട്ടു. കൺസൾട്ടന്റ് പ്രാഥമിക പഠനം നടത്തി. ഭേദപ്പെട്ട ഗ്രാന്റുകൾ ലഭ്യമാകുന്നതിന് തടസ്സമായി നിൽക്കുന്ന ഭരണപരമായ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെട്ടു. ഇത് പരിഹരിക്കാനുള്ള ആക്ഷൻ പ്ലാൻ ആവിഷ്കരിച്ചു തുടങ്ങിയിട്ടുണ്ട്, നയ രൂപീകരണ സമിതി. ന്യൂഹാം കൗൺസിലിൽ നിന്ന് മൂന്ന് ഗ്രാന്റുകൾക്കായുള്ള അപേക്ഷ നാം നൽകി, അതിൽ രണ്ടെണ്ണം സഫലമായി. ന്യൂഹാം കൗൺസിലിന് പ്രത്യേകം നന്ദി. മിഷനുമായി ബന്ധപ്പെട്ട പുതിയ സേവനമുഖങ്ങൾ തുറക്കാൻ ഒരു ഗ്രാന്റിന് അപേക്ഷിച്ചെങ്കിലും ദൗർഭാഗ്യവശാൽ ലഭിച്ചില്ല. എങ്കിലും അതിനുള്ള ശ്രമം തുടരുന്നു.

8.1 **സാമ്പത്തിക സ്ഥിതിഗതികൾ**

താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കാൻ 'ഷാ ആന്റ് കമ്പനി, അക്കൗണ്ടന്റ്സ് ആന്റ് ഓഡിറ്റേഴ്സി'നെ നിയോഗിച്ചിട്ടുണ്ട്.

പേറോൾ സംവിധാനം നടപ്പിലാക്കാനും ഇൻലാന്റ് റവന്യൂ വിഷയങ്ങൾ കൈകാര്യം ചെയ്യാനും വാർഷിക കണക്കുകളുടെ സ്റ്റേറ്റ്മെന്റ് തയ്യാറാക്കാനും മിഷന്റെ ദൈനംദിന സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകാനും

ഫിനാൻസ് ഓഫീസറായി സേവനരംഗത്തുള്ള കെ.സി. അശോക് കുമാർ ഗിഫ്റ്റ് എയ്ഡ് ലഭ്യമാക്കാൻ ടാക്സ് ഓഫീസറുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വരുന്നു.

9. **കായിക വിനേദ രംഗം**

ചെയർപേഴ്സൺ: ബൈജു ശാന്തശീലൻ

വൈസ് ചെയർപേഴ്സൺ: സതീഷ് കുമാർ

കഴിഞ്ഞ ആറു വർഷമായി മിഷൻ കൊണ്ടു നടക്കുന്ന സർവീസുകളിലൊന്നാണ് ബാഡ്മിസ്റ്റൺ ക്ലബ്. ഇതിന്റെ കോ–ഓർഡിനേറ്റർ ആയ സലിം കരുണാകരൻ ക്ലബിന്റെ പ്രവർത്തനം നഷ്ടത്തിലാണെന്ന കാര്യം എക്സിക്യൂട്ടീവ് കമ്മിറ്റിയെ അറിയിച്ചു. കഴിഞ്ഞ വർഷം സാമ്പത്തിക നഷ്ടം അധികരിച്ചതിലും ആശങ്ക രേഖപ്പെയുത്തി. സബ് കമ്മിറ്റി ഈ കാര്യം അടിയന്തിര പരിഗണന കൊടുക്കുകയും ബന്ധപ്പെട്ട അധികാരികളെ കണ്ട് സംസാരിച്ചതിന്റെ ഫലമായി 2013–ലെ ചർച്ചകളിൽ 500 പൗണ്ടിന്റെ ഇളവ് നേടിയെടുക്കുകയും ചെയ്തു. അങ്ങനെ ഈ സർവ്വീസ് തുടർന്നു പോകുവാൻ കഴിയുന്നുവെന്നു മാത്രമല്ല

നേരിയ ഒരു നീക്കിയിരിപ്പ് സാധ്യമാക്കുകയും ചെയ്തു. 2014–ൽ ഒരു ബാഡ്മിന്റൺ സംഘടിപ്പിക്കുന്നതിലൂടെ ന്യൂഹാമിന് പുറത്തുള്ള സമൂഹങ്ങളെക്കൂടി ഈ സർവ്വീസിലേക്ക് ആകർഷിപ്പിക്കാമെന്ന് പ്രതീക്ഷയുണ്ട്. സലിം കരുണാകരന് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ബാഡ്മിന്റൺ ക്ലബിന് ഹാൾ വാടകയ്ക്ക് നൽകുകയും വാടകയിനത്തിൽ ഭേദപ്പെട്ട ഇളവ് അനുവദിക്കുകയും ചെയ്ത ലിറ്റിൽ ഇൻഫോർഡ് സ്കൂളിനും നന്ദി.

10. **മെമ്പർഷിപ്പ്**

ചെയർപേഴ്സൺ: റ്റി.ജി ശശിധരൻ

വൈസ് ചെയർപേഴ്സൺ: സുരേഷ് ധർമ്മരാജൻ

സബ്കമ്മിറ്റ് മെമ്പേഴ്സ്: കെ.സി അശേക് കുമാർ, ആർ വിനോദ് ബാബു, ഗിരിധരൻ വി, കെ തങ്കരാജ്, റ്റി. കിഷോർകുമാർ

നമുക്ക് നൽകിയ ചുരുങ്ങിയ സമയത്തിനുള്ളിൽ അംഗത്വ പ്രവർത്തനത്തിൽ കാര്യമായ പുരോഗതി കൈവരിക്കാനായി. ചില പ്രധാന വിഷയങ്ങൾ പരിഹരിക്കാൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുമായി മെമ്പർഷിപ്പ് സബ് കമ്മിറ്റി കൈകോർത്ത് യത്നിച്ചും അംഗത്വ കുടിശ്ശികയുടെ കാര്യത്തിൽ വിശാലമായ കാഴ്ചപ്പാടാണ് സ്വീകരിച്ചത്. വാർഷിക പൊതുയോഗത്തിൽ ഇക്കാര്യം ഗൗരവചർച്ചയ്ക്കിടയാക്കിയിരുന്നതിനാൽ എക്സിക്യൂട്ടീവ് കമ്മിറ്റി ഇത് പ്രാധാന്യമുള്ള വിഷയമായിത്തന്നെ പരിഗണിച്ചു. മെമ്പർഷിപ്പ് പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രധാന കാര്യങ്ങൾ :

• ഏറ്റവും അടുത്തകാലത്തെ മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് മെമ്പർഷിപ് ഡാറ്റാ ബോർഡ് കൃത്യമായി നവീകരിച്ചു.

• കഴിഞ്ഞ മൂന്ന് വർഷത്തെ രസീത് ബുക്കുകളും ബാങ്ക് സ്റ്റേറ്റ്മെന്റുകളും പരിശോധിച്ച് അംഗത്വ കുടിശിഖ വരുത്തിയ എല്ലാ സാധാരണ അംഗങ്ങളുടേയും ചുരുക്ക പട്ടിക തയ്യാറാക്കി.

• പ്രധാന അംഗങ്ങളിൽ കുടിശിക വരുത്തിയ അംഗങ്ങളുടെ പട്ടികയും തയ്യാറാക്കി.

• വാർഷിക അംഗത്വ ഫീസ് സംബന്ധിച്ച് നിലവിലുള്ള രേഖകൾ വിലയിരുത്തി ബാങ്ക് സ്റ്റേറ്റുമെന്റുകളുമായി ഒത്തുനോക്കുകയും അതനുസരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു.

• കുടിശികകൾ പിരിച്ചെടുക്കാനും ഭാവിയിലെ പേയ്മെന്റ് ആവശ്യത്തിനുള്ള സ്റ്റാന്റിങ് ഓർഡർമൻഡേറ്റുകൾ തയ്യാറാക്കാനും ഓരോ ഏരിയയുമായി ഓർഗണൈസ്ഡ് കളക്ഷൻ ഗ്രൂപ്പുകൾ (എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും, വോളന്റിയർ ടീമുകളും) മെൻപർഷിപ്പ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ രംഗത്തിറങ്ങും.

• ഈസ്റ്റ് ലണ്ടൻ, എസക്സ് ഏരിയകളിൽ കുടിശിക വരുത്തിയ മിക്ക മെമ്പർമാരേയും ഈ ടീം സന്ദർശിച്ചു. വീടു മാറിയതിനാലും, ഹോളിഡേ ആഘോഷിക്കാൻ പോയിരുന്നതിനാലും മറ്റുകാര്യങ്ങളാൽ സ്ഥലത്തില്ലാതിരുന്നതിനാലും ചിലരെ കാണാനായില്ല.

• ലോക്കൽ അല്ലാത്ത എല്ലാ കുടിശികക്കാർക്കും കൂടാതെ മൂന്ന് വർഷമായി കുടിശിക വരുത്തിക്കൊണ്ടിരിക്കുന്ന എല്ലാ അംഗങ്ങൾക്കും റിമൈൻഡറുകൾ അയച്ചു.

എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുമായി മിഷന്റെ കാര്യങ്ങൾ നേരിട്ടു സംസാരിക്കാൻ അവസരം കിട്ടിയതിനാൽ ടീമിന്റെ സന്ദർശന പരിപാടി നമ്മുടെ അംഗങ്ങൾ സന്തോഷപൂർവം സ്വാഗതം ചെയ്തു. അവരുടെ കോൺടാക്ട് വിവരങ്ങൾ ശേഖരിക്കാനും ഇത് സഹായകമായി. ആനുവൽ സബ്ഡിവിഷനുള്ള സ്റ്റാന്റിംഗ് ഓർഡർ പേയ്മെന്റുകളുടെ എണ്ണം ഗണ്യമായി ഉയർന്നു. കുടിശിഖ പിരിക്കൽ യത്നം നന്നായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഏതാനും മാസങ്ങൾക്കുള്ളിൽ ഇത് പൂർത്തിയാകും. എല്ലാ അംഗങ്ങളും നടത്തിവരുന്ന സഹകരണത്തിനും പിന്തുണയ്ക്കും രചനാത്മക മനോഭാവത്തിനും നന്ദി.

നമ്മുടെ ലൈവ് മെമ്പർഷിപ് സംബന്ധിച്ച് നിലവിലുള്ള വിവരങ്ങൾ താഴെ:

| റസിഡന്റ് ലൈഫ് | ഒ.പി.എ | റസിഡന്റ് ഓർഡിനറി | നോൺ റസിഡന്റ് ലൈഫ് | നോൺ റസിഡന്റ് ഓർഡിനറി | അൺ നോൺ ലൈഫ് | അൺ നോൺ ഓർഡിനറി | അസോസിയേറ്റ് മെമ്പർ |
|---|---|---|---|---|---|---|---|
| 275 | 93 | 404 | 24 | 83 | 9 | 56 | 0 |
| ലൈവ് മെമ്പർമാർ ആകെ | | | | | | | 944 |
| അവയ്‌ലബിൾ ലൈവ് മെമ്പർമാർ | | | | | | | 772 |

11. **വിമൻസ് ഫോറം, വെൽഫെയർ–പെൻഷൻ നേഴ്സ് ഡേ സെന്റർ**

ചെയർപേഴ്സൺ: വത്സമ്മ തങ്കപ്പൻ

വൈസ് ചെയർപേഴ്സൺ: ബീന പുഷ്കാസ്

സബ്കമ്മറ്റി മെമ്പേഴ്സ്: ഡോ. നിർമ്മല രവീന്ദ്രൻ, സ്വയംപ്രഭ പുരുഷോത്തമൻ, ബീന ശ്രീനാരായണൻ, വസന്ത രാമകൃഷ്ണൻ, സലീന സദാശിവൻ, ലീന സലിം, സുലോചന ശ്രീധരൻ, സുധ ശശിധരൻ, സുരേഷ്കുമാർ ജി.

ന്യൂഹാമിലെ ലണ്ടൻ ബറോയിലും സമീപമുള്ള ബറോകളിൽ നിന്നുമുള്ള വിവിധ സമൂഹങ്ങളിൽ ഉൾപ്പെടുന്ന പ്രായപരിധി നോക്കാതെ എല്ലാവർക്കും സേവനം ലഭ്യമാക്കുകയാണ് വിമൻസ് ഫോറത്തിന്റെ ലക്ഷ്യം. എല്ലാ തിങ്കളാഴ്ചകളിലും 10 എ.എം മുതൽ 2 പി.എം വരെയാണ് ഇതിനായി പ്രവർത്തിക്കുന്നത്. പലതരത്തിലുള്ള എക്സർസൈസുകൾ, ശരീരസൗന്ദര്യത്തിനുള്ള ക്ലാസുകൾ, ആരോഗ്യ സംബന്ധമായ ചർച്ച, ഡയറ്ററി ക്ലാസുകൾ തുടങ്ങിയവയ്ക്ക് എൻ.എച്ച്.എസ് പ്രൊഫഷണലുകളും ന്യൂഹാം കൗൺസിൽ മെമ്പർമാരും നേതൃത്വം നൽകുന്നു. പതിവായി വിനോദയാത്ര പരിപാടികളും ഫോറം സംഘടിപ്പിക്കാറുണ്ട്.

ക്വീൻ എലിസബത്ത് പാർക്കിലേക്ക് ബോട്ട് ട്രിപ്പും ഒളിമ്പിക് പാർക്കിലേക്കുള്ള സമ്മർ ട്രിപ്പും വളരെ വിജയകരവും, ആസ്വാദ്യകരവുമായി, പ്രതിമാസ പ്രാർത്ഥനാ പരിപാടി, ഓണസദ്യ, ഗുരുജയന്തി ആഘോഷം, ക്രിസ്തുമസ് ആഘോഷം തുടങ്ങിയ പരിപാടികളിലൊക്കെ വനിതാ ഫോറം വളരെ സജീവമായി പങ്കെടുത്തു. ന്യൂഹാം കൗൺസിലും ല്യൂഹാം ആക്ടീവ് സെന്ററും വനിതാഫോറത്തിന് അകമഴിഞ്ഞ സഹകരണം നൽകി വരുന്നു

**ഡേ സെന്റർ**

മുതിർന്ന പുരുഷൻമാർക്കും വനിതകൾക്കുമായാണ് ഡേ സെന്ററിന്റെ പ്രവർത്തനം. എല്ലാ ചെവ്വാഴ്ചകളിലും 10 എ.എം മുതൽ 2 പി.എം വരെ എക്സർസൈസുകൾ, ആരോഗ്യ സംരക്ഷണ ക്ലാസുകൾ, ഡാൻസ് പാഠങ്ങൽ എന്നിവ ഇവിടെ നടക്കുന്നു. പങ്കെടുത്തവർക്കെല്ലാം പോഷകസമൃദമായ വെജിറ്റേറിയൻ ഉച്ചയൂണുമുണ്ട്.

**വാം സെന്റർ, സമ്മർ സെന്റർ**

പ്രവചാനതീതമായ ശീതകാലാവസ്ഥയെ നേരിടാൻ ന്യൂഹാം കൗൺസിലിന്റെ സഹകരണത്തോടെ മുതിർന്ന പൗരന്മാർക്കായി ഇതു സംഘടിപ്പിക്കുന്നു. ഒറ്റപ്പെട്ട മുതിർന്നവർക്ക് മിഷന്റെ പ്രവർത്തനം പരിചയപ്പെടാനും പുതിയ സുഹൃത്തുക്കളെ സ്വന്തമാക്കാനും തണുപ്പിനെ നേരിടുന്നതിന് ഉപാധികൾ നേടാനും ഇതുപകരിക്കുന്നു. ചൂടു പാനീയങ്ങൾ, ബിസ്കറ്റ്, വെജിറ്റേറിയൻ ഉച്ചഭക്ഷണവും നൽകാറുണ്ട്.

**അന്താരാഷ്ട്ര വനിതാദിനം**

2013 മാർച്ച് 25 ന് മിഷൻ അന്താരാഷ്ട്ര വനിതാദിനം ആഘോഷിച്ചു. വിവിധ പരിപാടികളുണ്ടായിരുന്നു. പുരുഷന്മാർ ഉൾപ്പെടെ 150 പേർ സംബന്ധിച്ചു. ചെയർപേഴ്സൻ വത്സമ്മ തങ്കപ്പൻ സ്വാദതം ആശംസിക്കുകയും വനിതാദിനത്തെപ്പറ്റി പ്രസംഗിക്കുകയും ചെയ്തു. വൈസ് ചെയർപേഴ്സൻ ബീനാ പുഷ്കാസ് നന്ദി പറഞ്ഞു. നൃത്ത വിദ്യാർത്ഥിനികളുടെ നൃത്തപരിപാടി, സംഗീതം, കോമഡിപ്ലേ, തുടങ്ങിയവ അരങ്ങേറി. 1972 ൽ ജനിച്ച

ഇന്ത്യൻ സാമൂഹിക പ്രവർത്തക സുനിതാ കൃഷ്ണനെപ്പറ്റി (മനുഷ്യക്കടത്തിനിരയായ വനിതകൾക്കും, പെൺകുട്ടികൾക്കും, ആശ്രയമേകാൻ പ്രവർത്തിക്കുന്ന 'പ്രജ്വാല' യുടെ സ്ഥാപകരിലൊരാളായ ധീരവനിത) മൂന്ന് തലമുറകളിൽനിന്നുള്ള പ്രമുഖർ പങ്കെടുത്ത ചർച്ചാ സമ്മേളനവും നടത്തി. ഗാർഹിക കുറ്റകൃത്യങ്ങൾ പ്രമേയമായുള്ള 'പ്രതികരണം' എന്ന ലഘുനാടകവും അവതരിപ്പിക്കപ്പെട്ടു. സലീന സദാശിവൻ രചിച്ച ലഘു നാടകം ബീന പുഷ്കാസാണ് തർജ്ജിമ ചെയ്തത്. പരിപാടികളെക്കുറിച്ച് ഏവരും മികച്ച അഭിപ്രായപ്രകടനം നടത്തി. അടുത്ത വർഷവും ആഘോഷം പൂർവ്വാധികം ഭംഗിയാക്കാൻ തീരുമാനിച്ചു.

**കമ്മിറ്റി സംഘടിപ്പിച്ച മറ്റ് പ്രധാന പരിപാടികൾ**

1. എൻ.എച്ച്.എസിലെ മാൻഡി മക്ഡൊണാൾഡും മീന പെരുമാളും ചേർന്ന് നേതൃത്വം നൽകിയ 'ഹൃദ്രോഗവും ആഹാരവും' എന്ന വിഷയത്തെപ്പറ്റിയുള്ള ശിൽപശാല.
2. ആക്ടീവ് ന്യൂഹാം മീറ്റിംഗിൽ നിന്നുള്ള ഡാൻ ഹൂപ്പർ ഫിസിക്കൽ ആക്ടിവിറ്റി ലീഡ്
3. വിമൻസ് ഫോറം എട്ടാം വാർഷികം
4. ക്രിസ്തുമസ് ഗെറ്റുഗതർ പാർട്ടി.

**കൃതജ്ഞത**

നമ്മുടെ പരിപാടികൾ വിജയിപ്പിച്ചതിന് വോളന്റിയർമാർക്ക് കമ്മിറ്റി നന്ദി രേഖപ്പെടുത്തുന്നു. എസ്.എൻ.ജി.എം യൂത്ത് ഗ്രൂപ്പ് അംഗങ്ങൾക്കും അവരുടെ കഠിനധ്വാനം, ഉത്സാഹം, സമയോചിത പിന്തുണ എന്നിവയുടെ പേരിലും പ്രത്യേകം നന്ദി.

12. **യൂത്ത് ഫോറം**

ചെയർപേഴ്സൺ: ബീന ശ്രീനാരായണൻ

വൈസ് ചെയർപേഴ്സൺ: ജീവൻ ജ്യോതിപ്രകാശ്, കിരൺ ശ്രീനിവാസൻ

സബ്കമ്മിറ്റ് മെമ്പേഴ്സ്: ശ്യാമ ശശിരാജൻ, സൈമ ശശിരാജൻ, ജിന സരസൻ, ഗീതു ജയപാൽ, അർഷ മോഹൻ, ആർദ്ര മോഹൻ, റിസ, ഹേമ സദാശിവൻ, മയൂഖ മുരളീധരൻ, സൈമ പ്രകാശ്

എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ യുവജനങ്ങളുടെ സംഘടനാപ്രവർത്തനം ഇക്കൊല്ലവും കാര്യക്ഷമമായിരുന്നു. ആധുനിക ലോകത്തിൽ ഗുരു സന്ദേശമുൾപ്പെടെയുള്ള വിഷയങ്ങളിൽ മാസത്തിൽ ഒന്നു വീതം ചർച്ചായോഗങ്ങൾ ചേർന്നു. 2013 ഗുരുജയന്തി ആഘോഷത്തിൽ സ്വാഗതപരിപാടി, റാഫിൾ ടിക്കറ്റ് വിൽപ്പന, ഹൗസ്കീപ്പിങ് പരിപാടികൾ തുടങ്ങിയവ യൂത്ത്ഫോമാണ് നിർവഹിച്ചത്. ഗുരുപ്രബോധനത്തെപ്പറ്റി കിരൺ ശ്രീനിവാസന്റെ പ്രസംഗം മികച്ചതായിരുന്നു. എല്ലാ പ്രവർത്തനങ്ങളിലും യുവാക്കളുടെ പങ്കാളിത്തം മുന്നിട്ടു നിന്നു.

**ആസന്നമായ പരിപാടികൾ**

അന്താരാഷ്ട്ര വനിതാദിന ആഘോഷ വേളയിൽ അവതരിപ്പിക്കുന്ന നാടകത്തിടെ പങ്കാളിത്തം. ജീവൻ ജ്യോതിപ്രകാശും കിരൺ ശ്രീനിവാസനും ഈ നാടകത്തിൽ അഭിനയിക്കുന്നു.

ബൗളിംഗ്, സിനിമാ യാത്ര തുടങ്ങിയ പരിപാടികൾ സംഘടനയെ കൂടുതൽ ഊർജ്ജസ്വലമാക്കുന്നു. പുതിയ അംഗങ്ങളെ ആകർഷിക്കുന്നു.

പ്രതിമാസ യോഗങ്ങളിലേക്ക് സുഹൃത്തുക്കളെ ക്ഷണിച്ചും, മിഷൻ പരിപാടികളിലെ പരസ്യം വഴിയും പുതിയ അംഗങ്ങളെ ചേർക്കാൻ ശ്രമിക്കുന്നു.

സ്റ്റേജുകളിൽ കലാപരിപാടികളുടെ അവതരണവും പുതിയ അംഗങ്ങൾ ചേരാൻ സഹായകമാകുന്നുണ്ട്.

ആശുപത്രികളിൽ രോഗികളെ സന്ദർശിക്കലും വയോജനങ്ങളെ സഹായിക്കുന്നതും പോലുള്ള പ്രവർത്തനങ്ങളിലൂടെയും സാമൂഹികസേവനം ലക്ഷ്യമിടുന്നു.

സമൂഹത്തിലെ ഇതര യുവജനപ്രസ്ഥാനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാനും ഉദ്ദേശിക്കുന്നു.

സി.വി ആന്റ് ഇന്റർവ്യൂ സ്കിൽസ് എന്ന വിഷയത്തിൽ ശിൽപശാല സംഘടിപ്പിക്കാൻ ലക്ഷ്യമിടുന്നു.

**ഇതരസംഘടനകളുമായുള്ള സഹവർത്തിത്വം**

വിദ്യഭ്യാസം, ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ, സാമൂഹിക സേവനം, എന്നീ രംഗങ്ങളിൽ നമുക്ക് ഇത് പുതിയൊരു കാലഘട്ടമായിരുന്നു. താഴെപറയുന്നവരുൾപ്പെടെയുള്ള പ്രസ്ഥാനങ്ങളുമായി നമ്മൾ കൈകോർത്തു പ്രവർത്തിച്ചു.

1. ലണ്ടൻബോറോ ഓഫ് ന്യൂഹാം
2. ലണ്ടൻബോറോ ഓഫ് ക്രോയ്ഡോൺ
3. ക്രോയ്ഡോൺ വോളൻട്രി അസോസിയേഷൻ
4. കേരള കാത്തൊലിക് അസോസിയേഷൻ
5. ന്യൂഹാം യൂണിവേഴ്സിറ്റി ഹോസ്പിറ്റൽ
6. യു.കെ മലയാളി അസോസിയേഷൻ
7. ഏജ് കൺസേൺ
8. യു.കെ ഡയബെറ്റിക് അസോസിയേഷൻ
9. ന്യൂഹാം കമ്മ്യൂണിറ്റി കോളേജ്.
10. Little Ilford School

മറ്റ് സേവന പ്രസ്ഥാനങ്ങളുമായി നമ്മുടെ പരിചയസമ്പത്തും വൈദഗ്ധ്യവും പങ്കിടാൻ നമുക്ക് തികഞ്ഞ സന്തോഷമാണുള്ളത്. സമാനപ്രസ്ഥാനങ്ങളോടൊത്ത് പങ്കാളിത്ത പ്രവർത്തനത്തിലൂടെ കൂടുതൽ വലിയ ചുവടുവയ്പ് നടത്താൻ നമ്മൾ ആഗ്രഹിക്കുന്നു.

**നന്ദി പ്രകാശനം**

താഴെപ്പറയുന്നവർക്ക് നാം ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തുന്നു.

നമ്മുടെ ഇന്റേണൽ ഓഡിറ്റർമാരായ ഹരിദാസ് ഭാസ്കരൻ, കെ. മോഹൻ കുമാർ

അസ്‌ലം, ബീന പുഷ്കാസ്, സലിം കരുണാകരൻ, ലീന സലിം, ജീജ ശ്രീലാൽ, സന്ധ്യ അനിൽ, ജി. വിനോദ്കുമാർ, ശശി എസ്. കുളമട എന്നിവർക്ക് അവരുടെ അതുല്യ സേവനത്തിന്റെ പേരിൽ

ലണ്ടൻബോറോ ഓഫ് ക്രോയ്ഡോൺ, ലിറ്റിൽ ഇൽഫോർഡ് സ്കൂൾ, ലണ്ടൻബോറോ ഓഫ് ന്യൂഹാം, സി.വി.എ മാനേജ്മെന്റ് അറ്റ് ക്രോയ്ഡോൺ.

മീഡിയ പ്രമോട്ടേഴ്സ് – കേരള കൗമുദി, യുകെമലയാളി.കോം, കേരള ലിങ്ക്, ഇൻഫോമലയാളി.കോം, ബ്രിട്ടീഷ്മലയാളി.കോം.യുകെ, കൂടാതെ പിന്തുണ നൽകിയ മീഡിയകൾക്കും.

ലോക്കൽ ഓർഗനൈസേഷൻ – എം.എ.യു.കെ, സെന്റർ 4എം, കെ.സി.എ

അവസാനമായി നമുക്ക് സഹായവും പിന്തുണയുമേകിയ എല്ലാവർക്കും പ്രത്യേകിച്ച് നമ്മുടെ മെമ്പർമാർക്കും കുടുംബാംഗങ്ങൾക്കും അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു.

ഗുരുദേവൻ നിങ്ങളെ അനുഗ്രഹിക്കട്ടെ!

യു.കെ യിലെ ശ്രീനാരായണ ഗുരു മിഷനു വേണ്ടി,

**പി.വി. വിജയൻ**

ജനറൽ സെക്രട്ടറി

2014 മാർച്ച് 8